# കൃപാസനം

KREUPASANAM MEDIA VISION

www.kreupasanammarianshrine.com

ഡിസംബർ 2022 ആലപ്പുഴ

VOLUME: 10 ISSUE: 12 PAGE: 12 Rs: 5 KERMAL/2013/50525


# മരിയൻ ഉടമ്പടിയുടെ ഉടനടി അനുഭവങ്ങൾ

(പുറപ്പാട് 34:10)

ആത്മവിശുദ്ധീകരണത്തിനും ആത്മശക്തീകരണത്തിനും വേണ്ടിയുള്ള മരിയൻ സമർപ്പണ പ്രാർത്ഥന. പരി.അമ്മേ, വാഗ്ദാന പേടകമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.




## കൃപാസനം തട്ടിപ്പാണെന്ന് പറഞ്ഞ ആൾക്ക് മരുന്നില്ല എന്നു പറഞ്ഞ രോഗത്തിന് ഉടമ്പടിയിലൂടെ കിട്ടിയ അത്ഭുതസൗഖ്യം!!



വിദേശത്തായിരുന്ന എനിക്ക് വയറുവേദന വന്ന് ഡോക്ടറെ കണ്ടപ്പോൾ കോളനോസ്കോപ്പിയും, സി.ടി.യും മറ്റ് ബ്ലഡ് ടെസ്റ്റുകളുമൊക്കെ ചെയ്തു. ക്രോൺസ് എന്നു പറയുന്ന അസുഖമാണെന്നും ലോകത്തിൽ ഇതിന് മരുന്നില്ല എന്നും ലൈഫ് ലോംഗ് ഇൻജക്ഷൻ എടുക്കണം അല്ലെങ്കിൽ മരുന്നു കഴിച്ചുകൊണ്ടിരിക്കണം എന്നു പറഞ്ഞു. നാട്ടിൽ വന്നിട്ടും വയറുവേദനമൂലം ഡോക്ടറെ കണ്ടപ്പോൾ ലൈഫ് ലോംഗ് മരുന്നുകഴിക്കാൻ പറഞ്ഞു. കൃപാസനം തട്ടിപ്പാണെന്ന് പറഞ്ഞു നടന്ന ഞാൻ അവസാനം കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ബഹു.ജോസഫച്ചനെ കണ്ട് പ്രാർത്ഥിക്കുകയും നേർച്ചവസ്തുക്കൾ ഉപയോഗിക്കുകയും ചെയ്തതിന്റെ ഫലമായി പൂർണ്ണ സൗഖ്യം ലഭിച്ചു.

**വിനു വർഗ്ഗീസ്, വാഴേക്കളം ഹൗസ്, പൊങ്ങ, കൈനകരി**

## ഉടമ്പടിയെടുത്ത് മണിക്കൂറുകൾക്കുള്ളിൽ വിദേശത്ത് നടന്ന അത്ഭുതം



വിദേശത്ത് ജോലിക്കായി കൊണ്ടുപോയ എന്റെ ഭാര്യയെ ഒരു അറബിയുടെ വീട്ടിൽ ആക്കി പാസ്പോർട്ട് വാങ്ങിക്കൊണ്ടുപോയതിനാൽ അവിടെ പോലീസ് സ്റ്റേഷനിൽ ആയി. അതിനുശേഷം ഭാര്യ വിളിച്ചിട്ട് ഒന്നേമുക്കാൽ ലക്ഷം രൂപ കൊടുത്താലേ പാസ്പോർട്ട് കിട്ടുകയുള്ളൂ എന്നു പറഞ്ഞു. ഞാൻ കൃപാസനത്തിൽ ഉടമ്പടി എടുക്കാൻ വന്നപ്പോൾ അക്രൈസ്തവനായതുകൊണ്ട് ഉടമ്പടി പത്രിക ലഭിച്ചില്ല. ഞാനിവിടെ പട്ടി കരയുംപോലെ നിന്ന് കരഞ്ഞുപോയി. ആ സമയം ഒരു അച്ചൻ വന്ന് നീ വിഷമിക്കണ്ട, ഒരു വെള്ള പേപ്പറിൽ നിന്റെ സങ്കടം എഴുതി ഈ മാതാവിന്റെ മുന്നിൽ ഇരിക്കുന്ന പെട്ടിയിൽ ഇട്ട് പ്രാർത്ഥിച്ചിട്ട് പൊയ്ക്കൊള്ളാൻ പറഞ്ഞു. ഞാൻ വീട്ടിൽ എത്തി മെഴുകുതിരി കത്തിച്ച് മാതാവിനോട് പ്രാർത്ഥിക്കുന്ന സമയം നാളെ കൊച്ചി എയർപോർട്ടിൽ എന്നെ വിളിക്കാൻ വരണം എന്നു പറഞ്ഞു ഭാര്യയുടെ ഫോൺ വന്നു. പരി.അമ്മയ്ക്ക് നന്ദി.

**ശബരി, കൊട്ടരാക്കര**

## ഉടമ്പടി: ക്രിസ്തുവിനെ ലക്ഷ്യം വെയ്ക്കുന്ന പ്രാർത്ഥന


*എഡിറ്റോറിയൽ*



ഡോ.വി.പി. അച്ചൻ
കൃപാസനം
www.facebook.com/FrVPJosephkreupasanam


ഉടമ്പടിയുടെ പരമമായ ലക്ഷ്യം ക്രിസ്തു രൂപപ്പെട്ടുവരുന്നതാണ്. ഗലാ.4:19, എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു. അപ്പോൾ ക്രിസ്തു രൂപപ്പെടുക എന്നുള്ളത് ഉടമ്പടിയിലിരിക്കുന്നവർ പ്രത്യേകം ഊന്നൽ കൊടുക്കേണ്ട ഒരു വിഷയമാണ്. കാര്യം ഇന്നു നമുക്ക് ലഭ്യമായിട്ടുള്ള ഏറ്റവും വലിയ പ്രാർത്ഥനാ പദ്ധതിയാണ് ഉടമ്പടി. ഉടമ്പടിയിലൂടെ ലക്ഷ്യം വെയ്ക്കുന്ന ഒന്നാമത്തെ നിയോഗം ക്രിസ്തു തന്നെയാണ്. കൊളോ.3:11 ക്രിസ്തു എല്ലാമാണ്. ഉടമ്പടിയുടെ ബെയ്സ്മെന്റാണ് അത്. അതിന്റെകൂടെ വചനം പറയുന്നത് നിങ്ങൾ ക്രിസ്തുവിനെ അന്വേഷിക്കണം. ബാക്കിയുള്ളത് ചേർത്തു നൽകും (മത്തായി 6:33).

*തുടർച്ച 2-ാം പേജിൽ. .*

## പ്രത്യേക അറിയിപ്പ്

**കൃ**പാസനം കത്തോലിക്കാസഭയിലെ ഒരു ആത്മീയ സാമൂഹിക സാംസ്കാരിക കേന്ദ്രം. ആലപ്പുഴ രൂപതയുടെ അജപാലന അധികാരത്തിൻ കീഴിൽ 1998 സെപ്റ്റംബർ 28ന് B-115/ERE-13/98-832നമ്പർ രൂപതാ ഡിക്രിപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. വ്യക്തികളുടെ ജീവിത നവീകരണത്തിലൂന്നിയ കുടുംബസുസ്ഥിതിക്കും സാമൂഹ്യക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്ന കേന്ദ്രം. ഇവിടെനിന്ന് പ്രസിദ്ധീകരിക്കുന്ന കൃപാസനം എന്ന സുവിശേഷ പത്രികയിലെ ഉള്ളടക്കം ദൈവത്തിന്റെ ശക്തമായ പ്രവർത്തികളാണ്(ഹെബ്രാ 2:4). ഈ പത്രിക വായനയ്ക്കും പ്രേഷിതപ്രവർത്തനത്തിനും മാത്രമുള്ളതാണ്. അന്ധവിശ്വാസം പരത്തുവാനോ, മതപരിവർത്തനം ചെയ്യുവാനോ, ഭക്ഷിക്കാനോ, രോഗചികിത്സയ്ക്കോ, ഔഷധമായി ഉപയോഗിക്കാനോ കൃപാസനം ഉദ്ദേശിച്ചിട്ടുമില്ല, നിർദ്ദേശിച്ചിട്ടുമില്ല. അപ്രകാരം ആരെങ്കിലും പ്രവർത്തിച്ചാൽ കൃപാസനം അതിന് ഉത്തരവാദി അല്ല. സൗഖ്യം നൽകുന്നത് ദൈവമാണ്. എന്തെന്നാൽ ദൈവത്തിന് എല്ലാം സാധ്യമാണ്(മത്താ 19:26). ദൈവം ഒരാളെ സൗഖ്യപ്പെടുത്തിയാൽ ക്രിസ്തുവിന്റെ കാലത്ത് അത് സ്ഥിതീകരിച്ചിരുന്നത് പുരോഹിതനാണ്(മത്താ 8:4)ഇന്ന് ആ ദൗത്യം ചെയ്യേണ്ടത് വൈദ്യശാസ്ത്രമാണ്. അതാണ് സഭയുടെ നിലപാട്.(പ്രഭാ 38:1-5).ബൈബിളിന്റെയും സഭയുടേയും നിലപാട് തന്നെയാണ് കൃപാസനത്തിന്റെയും നിലപാട്. അനുഭവസാക്ഷ്യം പറയുന്ന വ്യക്തികളുടെ കടമയാണ് അതിനാവശ്യമായ സ്ഥിരീകരണം നേടേണ്ടത്.

**പത്രാധിപസമിതി**


LIKE US ON facebook

ഈ സാക്ഷ്യങ്ങളുടെ വീഡിയോ കാണുന്നതിന് Fr V.P Joseph Kreupasanam എന്ന യു ട്യൂബ് ചാനൽ സന്ദർശിക്കുക.

കൃപാസനം ഫേസ്ബുക്ക് പേജ് ഇപ്പോൾ തന്നെ ലൈക്ക് ചെയ്യുക www.facebook.com/FrVPJosephKreupasanam

YouTube

*ഒന്നാം പേജ് തുടർച്ച...*

## ഉടമ്പടി: ക്രിസ്തുവിനെ ലക്ഷ്യം വെയ്ക്കുന്ന പ്രാർത്ഥന

ക്രിസ്തുവിനെ അന്വേഷിച്ചുകഴിഞ്ഞാൽ ക്രിസ്തുവിനെ തന്നെയാണ് നമുക്ക് ക്യാഷ് ആന്റ് കൈന്റ് ആയിട്ട് കിട്ടുന്നത്. പലപല ജീവിത വിഷയങ്ങളുടെ പരിപോഷണമായിട്ടുമെല്ലാം ക്രിസ്തുവിനെ തന്നെയാണ് കിട്ടുന്നത്. കാര്യം ക്രിസ്തു എല്ലാ വിഷയങ്ങളിലും ഇടപെടും. അപ്പമില്ലാത്തവർക്ക് അപ്പം കൊടുക്കും. വീഞ്ഞില്ലാത്തവർക്ക് വീഞ്ഞ് കൊടുക്കും. ഇങ്ങനെ ഒരു മനുഷ്യന് ആവശ്യമായ എല്ലാ വിഷയത്തിന്റെമേലും ക്രിസ്തുവിലൂടെ ദൈവം നമുക്ക് ദൈവത്തിന്റെ പദ്ധതിപ്രകാരം പരിപാലനയുടെ ഭാഗമായിട്ട് വാഗ്ദാനപ്രകാരം നൽകും. നിങ്ങൾ ഇതൊക്കെ കിട്ടുമ്പോൾ ഞാൻ പ്രാർത്ഥിച്ചു, എനിക്ക് ഇതൊക്കെ കിട്ടി എന്നല്ല പറയേണ്ടത്. എനിക്ക് അതിലൂടെ ക്രിസ്തുവിനെ കിട്ടി എന്നാണ് പറയേണ്ടത്. ഈശോയ്ക്ക് ഉന്നതമായ സ്ഥാനം ലഭിക്കണം അതിലൂടെ. ഇനി നമുക്ക് എങ്ങനെയെല്ലാം വാഗ്ദാനം പ്രാപിക്കാം. ഗലാ.3:22–"എന്നാൽ, യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി വിശ്വാസികൾ വാഗ്ദാനം പ്രാപിക്കേണ്ടതിന് എല്ലാവരും പാപത്തിനധീനരാണെന്ന് വിശുദ്ധ ഗ്രന്ഥം പ്രഖ്യാപിച്ചു". അപ്പോൾ വിശ്വാസം ഉണ്ടെങ്കിൽ നമുക്ക് വാഗ്ദാനം പ്രാപിക്കാം. വീണ്ടും അപ്പ.പ്രവ.26:7ൽ നാം വായിക്കുന്നു. "ഞങ്ങളുടെ പന്ത്രണ്ടുഗോത്രങ്ങളും രാത്രിയും പകലും തീക്ഷ്ണതയോടെ ആരാധന അർപ്പിച്ചുകൊണ്ട് ഈ വാഗ്ദാനം പ്രാപിക്കാമെന്ന് പ്രത്യാശിക്കുന്നു". ഇവിടെ സുവിശേഷകൻ ഊന്നൽ നൽകുന്നത് പ്രാർത്ഥനയ്ക്കും പ്രത്യാശ എന്ന പുണ്യത്തിനുമാണ്. ഉടമ്പടി ചെയ്തു കഴിയുമ്പോൾ രാവിലെ എഴുന്നേറ്റ് പ്രാർത്ഥിക്കണം, രാത്രി ഉടമ്പടി പ്രാർത്ഥന ഉണ്ട് അങ്ങനെ അല്ല ചിന്തിക്കേണ്ടത്. ദൈവവുമായിട്ട് ഉടമ്പടി ചെയ്തുകഴിഞ്ഞാൽ നിനക്ക് അവസരവും സ്വസ്ഥതയും സമാധാനവും അതിനുള്ള സൗകര്യവും കിട്ടുന്ന സമയത്തെല്ലാം ദൈവത്തെക്കുറിച്ച് ഓർക്കുകയും വചനത്തെ വല്ലാതെ സ്നേഹിക്കുകയും ചെയ്യണം. വചനത്തെ വളരെ ഭവ്യതയോടെ ദൈവസ്നേഹത്തോടെയൊക്കെ കൈകാര്യം ചെയ്യുന്ന ആൾക്കാരോട് ദൈവം വചനത്തിലൂടെ സംസാരിക്കും.

കഴിഞ്ഞ ദിവസങ്ങളിൽ ബെൻസി, അങ്കമാലിയുടെ ഒരു സാക്ഷ്യം ഉണ്ടായിരുന്നു. അവർക്ക് യു.എസ്.എ.യിൽ ജോലിക്ക് പോകുന്നതിന് വിസ തടസ്സം ആയിരുന്നു. കുറേയേറെ പ്രശ്നങ്ങൾ വന്ന് അവർ വന്നു ഉടമ്പടി ചെയ്തു. അമ്മ അവരോട് 87 വർക്ക് അറേഞ്ച്മെന്റ് എന്നു പറഞ്ഞു. അതായത് ലേബർ ലോ ചെയ്ഞ്ച് എന്നു പറഞ്ഞു. അപ്പോൾ അമ്മയാണ് സ്വപ്നത്തിൽ വന്നതെന്ന് മനസ്സിലായി. അമ്മയുടെ രീതി എന്നു പറഞ്ഞാൽ പർട്ടിക്കുലർ സബ്ജക്ട് ഡീൽ ചെയ്യും. ബെൻസി പറയുന്നത് അവർ പറയുന്ന ഇംഗ്ലീഷ് ഇവർക്ക് മനസ്സിലാകുന്നില്ല. ഇവർ പറയുന്ന ഇംഗ്ലീഷ് അവർക്കും മനസ്സിലാകുന്നില്ല. ഇവർ കൃപാസനം എത്തുംമുമ്പ് ലൈറ്റ് എ ക്യാൻഡിൽ പ്രയർ റിക്വസ്റ്റ് ഇട്ടാണ് പ്രാർത്ഥിക്കുന്നത്. ലൈറ്റ് എ ക്യാൻഡിൽ പ്രയർ റിക്വസ്റ്റ് ഇട്ട് അമ്മേ എനിക്ക് എമിഗ്രേഷൻ ക്ലിയർ ആകുന്നില്ല എനിക്ക് അവിടെനിന്ന് ഒരു കൺകറൻസ് കിട്ടിയാൽ മാത്രമേ വിസ പ്രോസസിംഗ് തുടങ്ങത്തുള്ളൂ എന്നാണ് ഇവർ പറയുന്നത്. ലൈറ്റ് എ ക്യാൻഡിൽ പ്രയർ റിക്വസ്റ്റ് ഇട്ടതോടുകൂടി ബെൻസി വർഗ്ഗീസിന് രാത്രി അമ്മ സ്വപ്നത്തിൽ വന്നിട്ട് പറയും '87, വർക്ക് ലോ അറേഞ്ച്മെന്റ്' എന്നു പറയും. അതായത് 87 ദിവസം കഴിയുമ്പോൾ ഈ രാജ്യത്ത് വർക്ക് ലോ അറേഞ്ച് നിന്നെക്കൂടെ അക്കൊമഡേറ്റ് ചെയ്യാൻ പറ്റുന്ന രീതിയിൽ അവിടെ തൊഴിൽ നിയമം മാറാൻ പോകുന്നുവെന്ന്. ഇതാണ് ഉടമ്പടി സാക്ഷ്യങ്ങളുടെ ഒരു നേച്ചർ എന്നു പറയുന്നത്. അതായത് ഒരു വ്യക്തി ഏത് വിഷയത്തിലാണ് വേദന അനുഭവിക്കുന്നത്. ആ പർട്ടിക്കുലർ വിഷയത്തിൽ ദൈവം ഇടപെടും. രാജ്യത്തിന്റെ നിയമങ്ങൾ മാറ്റിക്കൊണ്ടുപോലും. അവർ ആദ്യം ലൈറ്റ് എ ക്യാൻഡിൽ പ്രയർ റിക്വസ്റ്റ് ഇട്ടു. പിന്നീട് ഓൺലൈൻ ഉടമ്പടി ചെയ്തു. ഇവിടെ എത്തുന്നതുവരെ നമുക്ക് നിലനിൽക്കാനൊരു മാർഗ്ഗമാണ് ദൈവം തന്നിരിക്കുന്നത്. ലൈറ്റ് എ ക്യാൻഡിൽ പ്രയർ വഴി പ്രാർത്ഥന സമർപ്പിക്കുമ്പോൾ പതിനായിരക്കണക്കിന് മനുഷ്യരുടെ ലക്ഷക്കണക്കിന് പ്രാർത്ഥനയുടെ ഒരു വലിയ നിക്ഷേപത്തിലേയ്ക്കാണ് നിന്റെ സങ്കടകാലത്ത് അതിന്റെ ഒരു ഓഹരി ചോദിക്കുന്നത്. കൃപാസനത്തിന് പ്രൊഫൗണ്ട് ആയിട്ടുള്ള ആത്മീയ അടിത്തറ ഉണ്ട്. മൂന്നു പതിറ്റാണ്ടുകളേറെയായുള്ള ദൈവമഹത്വത്തിനായുള്ള സുവിശേഷ പ്രവർത്തനങ്ങളാണ് ഇതിന്റെ ആസ്തി. അതുകൊണ്ട് അമ്മ നിന്നെ സഹായിക്കും. പെട്ടെന്നാണ് മറുപടി വരുന്നത്. ഓൺലൈൻ ഉടമ്പടി ചെയ്ത് 24 മണിക്കൂറിനുള്ളിൽ അവർക്ക് ഇമെയിൽ വന്നു. കൺഗ്രാജുലേഷൻസ്, യുവർ ആപ്ലിക്കേഷൻ റിസീവ്ഡ്. നിങ്ങളുടെ എല്ലാ തടസ്സങ്ങളും മാറ്റിയിരിക്കുന്നു എന്നു പറഞ്ഞ് ലെറ്റർ കൊടുക്കും. എത്രയോ കാലങ്ങളാണ് ഇവർ അതിനുവേണ്ടി ഉറക്കം നിന്നത്. കാര്യം ഉടമ്പടിയിൽ അസാധ്യകാര്യങ്ങൾ *തുടർച്ച 9-ാം പേജിൽ. .*

### കൃപാസനം ആത്മീയ – സാംസ്കാരിക പത്രിക

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ |
| അസോസ്സിയേറ്റ് എഡിറ്റർ | : | ഫാ. പ്രഭു ആന്റണി |
| എഡിറ്റർ | : | അഡ്വ. എഡ്വേർഡ് തുറവൂർ |
| എഡിറ്റോറിയൽ എഡിറ്റർ | : | ജോമോൾ ജോസഫ് |
| പബ്ലീഷർ | : | പി.എസ്. തങ്കച്ചൻ |
| ഫൈനാൻസ് | : | റ്റി.ആർ. പീററർ |
| ഓഫീസ് മാനേജർ | : | സണ്ണി, പരുത്തിയിൽ |
| ടൈപ്പ് സെറ്റിംഗ് | : | ബീനാ ഫ്രാൻസീസ് |
| ഫോട്ടോ | : | മനോജ് കുരിശിങ്കൽ |
| ലേഔട്ട് | : | രതീഷ് ബാബു, തകഴി |
| ആർട്ടിസ്റ്റ് | : | വിജു സെബാസ്റ്റ്യൻ |
| സർക്കുലേഷൻ | : | അലോഷ്യസ് തൈക്കൽ |

### STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT KREUPASANAM

| | | |
|---|---|---|
| Title of the Newspaper | : | KREUPASANAM |
| Language | : | Malayalam |
| Periodicity of publication | : | Monthly |
| Annual subscription | : | Rs 60/- |
| Printer and Publisher | : | Thankachan Panackal |
| Address | : | Panackal house ,Chethy P.O |
| Nationality | : | Indian |
| Place of Publication | : | Kreupasanam<br>Kalavoor P .O, Alappuzha<br>Pin 688 522, Ph 04782860595 |
| Printed at | : | Viani Printers Ernakulam<br>Pin 682 018 |
| Chief Editor | : | Fr.V.P.Joseph Valiyaveettil |
| Nationality | : | Indian |
| Address | : | Kreupasanam, Kalavoor P.O<br>Alappuzha, Pin 688 522 |
| Owner's Name | : | Fr.V.P.Joseph Valiyaveettil |

Declaration

I Thankachan Panackal, hereby declare that the particulars given above are true to the best of my knowledge and belief.

(sd/-)Publisher

## നിന്റെ നിയോഗങ്ങൾ എല്ലാം ഈശോയോട് പറയുന്നതല്ല പ്രാർത്ഥന എന്നു നീ മനസ്സിലാക്കണം.

പ്രാർത്ഥിക്കാൻ അറിയുന്നവൻ ഏറ്റവും അനുഗ്രഹിക്കപ്പെട്ടവനാണ്. യഥാർത്ഥത്തിൽ പ്രാർത്ഥിക്കാൻ അറിഞ്ഞാൽ നമുക്ക് എന്തും സാധിച്ചെടുക്കാൻ പറ്റും. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്. അതിനുവേണ്ടി നാം എന്തൊക്കെ ചെയ്യണം. ആദ്യം ദൈവസാന്നിദ്ധ്യം സൃഷ്ടിക്കണം. ദൈവം പരിശുദ്ധനാണ്. അതുകൊണ്ട് നമ്മളും പരിശുദ്ധിയിലേയ്ക്ക് വരിക. ഒന്നാമതായി പരിശുദ്ധാത്മാവിൽ നിറയുക. അവിടെയാണ് ദൈവസാന്നിദ്ധ്യം ഉണ്ടാകുന്നത്. അപ്പ.പ്രവ.2:38 വചനം പോലെ പത്രോസ് ഞാൻ പാപിയാണെന്ന് ഏറ്റുപറഞ്ഞപോലെ ലേവിയനെയും, ഫരിസേയനെയും പോലെയും പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതാപത്തോടെ നിൽക്കുക അപ്പോഴെല്ലാം നമ്മളും പരിശുദ്ധാത്മാവിൽ നിറയും. രണ്ടാമതായി ഈശോ ഇഷ്ടപ്പെടുന്ന ബലി തന്ന നന്മകൾക്ക് എല്ലാം പരാതി ഒന്നും കൂടാതെ നന്ദി പറയുക എന്നതാണ്. സങ്കീർത്തനം 50:23 വചനംപോലെ, മൂന്നാമതായി മത്താ.6:6ന്റെ വചനം പറയുന്നതുപോലെ നീ കതകുകൾ അടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കാനാണ്. അതായത് ഹൃദയത്തിൽ ലോകവിചാരമാകുന്ന നിന്റെ ഉത്ക്കണ്ഠകളുടെയും വിഷമതകളുടേയും വാതിലടച്ച് അതെല്ലാം മറന്ന് നിന്റെ ഹൃദയമാകുന്ന മുറിയിൽ ഈശോയും നീയും മാത്രം ആയിരിക്കണം. ദൈവമാണ് നിന്റെ മുമ്പിൽ എന്ന ഉറച്ച വിശ്വാസത്തിൽ നീ ആകുമ്പോൾ എല്ലാപ്രശ്നത്തിനും തീരുമാനം ഉണ്ടാകും. നിന്റെ നിയോഗങ്ങൾ എല്ലാം ഈശോയോട് പറയുന്നതല്ല പ്രാർത്ഥന എന്നു നീ മനസ്സിലാക്കണം. നാലാമതായി ഈശോ പ്രാർത്ഥിച്ചതുപോലെ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ എല്ലാം നിന്നെക്കൊണ്ട് സാധ്യമാകും എന്നു പറഞ്ഞുകൊണ്ട് ഒത്തിരി നിയോഗങ്ങൾ വെയ്ക്കാതെ നിന്റെ ഒന്നോ രണ്ടോ നിയോഗം മാത്രം മനസിൽ ഓർത്ത് ഈ ലോകത്തിൽ ഈശോയെ നിന്നെക്കൊണ്ട് മാത്രമേ ഇത് സാധിച്ചു തരാൻ പറ്റുകയുള്ളൂ എന്ന് പറയണം. മാർക്കോ.10:27 വചനം പോലെ ഈശോയെ നോക്കി നീ പറയണം. എന്റെ ഇഷ്ടമല്ല എങ്കിലും നിന്റെ ഹിതം മാത്രം നടക്കട്ടെ എന്ന്. ലൂക്കാ.22:42 വചനം അരുളിച്ചെയ്യുന്നതുപോലെ. അഞ്ചാമതായി നീ പ്രാർത്ഥിക്കാൻ ഇരിക്കുമ്പോൾ മാർക്കോ .11:25 വചനം പറയുന്നതുപോലെ നിനക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ നീ അവരോട് ക്ഷമിക്കണം. നീ മനസ്സിൽ ക്ഷമിച്ചാൽ പോര. അവരെ വിളിച്ച് ക്ഷമ പറയണം. ആറാമതായി നീ ജപമാല ചൊല്ലി പ്രാർത്ഥിക്കണം. അതും അമ്മമാതാവിന്റെ മദ്ധ്യസ്ഥതയിൽ. പക്ഷെ നിന്റെ നിയോഗമല്ല ഇവിടെ പറയേണ്ടത്. മറ്റുള്ളവരുടെ നിയോഗത്തിനായി പ്രാർത്ഥിക്കണം. ഇതാണ് യഥാർത്ഥ പ്രാർത്ഥനയായി മാറുന്നത്.



**ആർ.വിജയകുമാർ, കോയമ്പത്തൂർ**

അമ്മ അനുഗ്രഹങ്ങൾ ഇനി വിരൽത്തുമ്പിൽ.
ഇപ്പോൾത്തന്നെ സന്ദർശിക്കൂ...
LIGHT A CANDLE PRAYER www.kreupasanammarianshrine.com

**കൃപാസനം മരിയൻ തീർത്ഥാടകർക്ക് ഒരു സന്തോഷവാർത്ത**

ഇവിടെ താമസിച്ച് ഉടമ്പടി എടുത്ത് ഒന്നുരണ്ടു ദിവസം ധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി 'പരി.അമ്മയ്ക്ക് ഒരു മുറി, എന്റെ സ്വന്തം പ്രാർത്ഥനാ മുറി' എന്ന പ്രേഷിത ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ

**ഈ നമ്പരിൽ ബന്ധപ്പെടുക.ഫോൺ: 9447696815**

# ഉടമ്പടി പ്രാർത്ഥന ഉടനടി ദൈവാനുഭവം

ഈ സാക്ഷ്യങ്ങളുടെ വീഡിയോ കാണുന്നതിന്
YouTube **Fr V.P Joseph Kreupasanam**
എന്ന യു ട്യൂബ് ചാനൽ സന്ദർശിക്കുക.

## ഉടമ്പടിയിലെ ദൈവിക സാന്നിദ്ധ്യത്തിന്റെ തികച്ചും വ്യത്യസ്തമായ ഒരു സാക്ഷ്യം



ഞാൻ രണ്ടുപ്രാവശ്യം OET എക്സാം എഴുതിയെങ്കിലും പാസായില്ല. എനിക്ക് ലിസണിംഗ് വലിയ ബുദ്ധിമുട്ടായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ബഹു.ജോസഫച്ചനെ കണ്ടപ്പോൾ അച്ചൻ എന്റെ ചെവിക്ക് പിടിച്ച് പ്രാർത്ഥിച്ചു. ഞാൻ ഉടമ്പടി ഉഴപ്പിയതുകൊണ്ടാണ് അച്ചൻ ചെവിക്കു പിടിച്ചതെന്നാണ് ഞാൻ വിചാരിച്ചത്. വീണ്ടും ഡെയ്റ്റ് എടുത്ത് എക്സാം എഴുതി. എക്സാം വളരെ ടഫ് ആയിരുന്നു. റിസൾട്ട് വന്നപ്പോൾ ലിസണിംഗിന് ഏറ്റവും കൂടുതൽ മാർക്കോടെ പാസായി.

**ഹെന മേരി ജോയി, മാളിയേക്കൽ, ആലുവ**

## ഉടമ്പടിയിലൂടെ പരിശുദ്ധ അമ്മ ഒരു മകനെ സന്ധിച്ച സാക്ഷ്യം



എനിക്ക് മലപ്പുറത്തുവെച്ച് സിവിൽ പോലീസ് ഓഫീസർ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് ഉണ്ടായിരുന്നു. റോപ്പ് ക്ലൈംബിംഗിന് ഇടയിൽ പിടിവിട്ട് കൈ കീറി വീണ്ടും കയറാൻ പറ്റാതെയാണ് ഫെയിൽ ആയത്. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ടെസ്റ്റ് ഡെയ്റ്റ് വെച്ചു പ്രാർത്ഥിച്ചു. ടെസ്റ്റ് പാസായാൽ ഇവിടെവന്ന് സാക്ഷ്യം പറയാമെന്ന് നേർന്നു. വീണ്ടും റോപ്പ് ക്ലൈംബിംഗിനിടെ പഴയതിലും കൂടുതൽ കൈ കീറി പിടിവിട്ട് താഴേയ്ക്ക് വന്നു. രണ്ടാമത് കയറുന്ന കാര്യം ചിന്തിക്കാനേ പറ്റില്ലായിരുന്നു. പക്ഷെ മാതാവ് എന്നെ ആ ഐറ്റം പാസാക്കി. അതിനുശേഷം ഈ കൈ വെച്ച് ചിൻ അപ്പ് ചെയ്യണം. അതും പാസ്സായി.

**അഖിൽ അലക്സ്, തിരുക്കുടുംബാലയം, പുത്തൻതുരുത്ത്, കൊല്ലം**

## എനിക്ക് രണ്ടാമത് അനുഗ്രഹം കിട്ടിയപ്പോൾ ഞാൻ അഹങ്കാരിയായി. ഞാനിങ്ങോട്ട് വരാതെയായി. പിന്നെ അമ്മ എന്നെ വഴി നടത്തിയ വിധം



ഞാൻ ക്യാനഡയിൽ പോകണമെന്ന് ആഗ്രഹിച്ച് IELTS എഴുതിയെങ്കിലും കിട്ടിയില്ല. കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പരി.അമ്മയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി IELTS പാസ്സാകുകയും എന്റെ മാതാപിതാക്കൾക്ക് ഇസ്രയേലിൽ ജോലിയും ലഭിച്ചു. പിന്നെ അഹങ്കാരം തോന്നി ഞാൻ ഇങ്ങോട്ട് വരാതെയായി. അതിനുശേഷം 2 തവണ വിസയ്ക്ക് വെച്ചെങ്കിലും ലഭിച്ചില്ല. ഞാൻ ഉടമ്പടി പുതുക്കി ഡെയ്റ്റ് ഇട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി വിസ അപ്രൂവൽ ആയി. കൂടാതെ എന്റെ മുടികൊഴിച്ചിൽ മാറിക്കിട്ടി.

**ജോസ്ഫിൻ, കോട്ടയം**

## പരിശുദ്ധ അമ്മയുടെ കരം ഗ്രഹിച്ച് അഗ്നിയിലൂടെ നടന്ന് ഇപ്പുറത്ത് വന്ന ഒരു അമ്മയുടെയും മകന്റെയും അത്ഭുത സാക്ഷ്യം



എനിക്ക് വർഷങ്ങളായി ട്രക്കോമ എന്ന അസുഖം മൂലം കണ്ണിന്റെ കോർണറിൽ റെഡ് കളർ വരികയും നല്ല വേദനയുമായി ഡോക്ടറെ കണ്ട് മരുന്നുകഴിച്ചെങ്കിലും ഫലമില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പരി.അമ്മയോട് മുട്ടിപ്പായി പ്രാർത്ഥിച്ചതിന്റെ ഫലമായി ആ അസുഖം പൂർണ്ണമായി മാറിക്കിട്ടി. കൂടാതെ ക്യാനഡയിൽ പഠിക്കുന്ന മകൻ രണ്ട് വിഷയങ്ങൾക്ക് പരാജയപ്പെട്ടു. വീണ്ടും എഴുതണമെങ്കിൽ ഫെയിൽ ആയ വിഷയം പഠിക്കാൻ കുട്ടികൾ ഉണ്ടായിരിക്കുകയും 4 മാസം പഠിക്കുകയും വേണമെന്നും പറഞ്ഞു. ഞാൻ ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി മകന് സീറ്റ് കിട്ടുകയും 4 മാസം വേസ്റ്റ് ആകാതെ എക്സാം എഴുതി പാസാകുകയും ചെയ്തു.

**ഡെസി ദേവസ്യ, മഴുവന്നൂർ, കോലഞ്ചേരി, എറണാകുളം**

## പരിശുദ്ധ അമ്മതന്നെ 4 മണിക്കൂർ എന്റെ പിന്നിൽനിന്ന് മൗസ് കൺട്രോൾ ചെയ്ത് എന്റെ എക്സാം നിയന്ത്രിച്ചുകൊണ്ടിരുന്നു.



ഐ.ടി ഫീൽഡിൽ സെക്യൂരിറ്റി സെക്ഷനിൽ ജോലി ചെയ്യുന്ന എനിക്ക് ജോലിയുമായിട്ട് ബന്ധപ്പെട്ടുള്ള സർട്ടിഫിക്കേഷനുവേണ്ടി ഒരു എക്സാം പാസാകേണ്ട ആവശ്യം വന്നു. പ്രായം കൂടുംതോറും പഠിക്കാനുള്ള ബുദ്ധിമുട്ടുണ്ടായിരുന്നു. എക്സാം ആദ്യതവണ പാസ്സായില്ല. എക്സാം പാസായില്ലെങ്കിലും വീണ്ടും തളർന്നുപോകാതെ കൂടുതൽ കരുത്തോടെ പ്രേഷിതപ്രവർത്തനം ചെയ്യുകയും ഉടമ്പടി പുതുക്കുകയും ബഹു.ജോസഫച്ചനെ കണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. എക്സാം ടഫ് ആയിരുന്നുവെങ്കിലും പരിശുദ്ധ അമ്മ തന്നെ എന്റെ കൂടെനിന്ന് എന്നെ സഹായിക്കുകയും എക്സാം പാസാകുകയും ചെയ്തു.

**നവീൻ ജോസഫ്, കാക്കനാട്**

## ചെറിയ വേദനയെല്ലാം മാറ്റിയത് ഈ വലിയ വേദന തരാൻ വേണ്ടിയാണോ മാതാവേ എന്നും പറഞ്ഞ് ഞാൻ മാതാവിന്റെ രൂപം കെട്ടിപ്പിടിച്ച് കരഞ്ഞു. അപ്പോൾ എന്റെ അമ്മയ്ക്ക് സംഭവിച്ചത്.



എന്റെ അമ്മയ്ക്ക് 15 വർഷമായി മൈഗ്രെയ്ൻ, ഇയർബാലൻസിന്റെ അസുഖം, തണ്ടൽവേദന, കൈകാലുകൾക്ക് നീര് അങ്ങനെ എപ്പോഴും അസുഖമായിരുന്നു. ഉടമ്പടിയിൽ അമ്മയുടെ കാര്യം വെയ്ക്കാൻ മറന്നുപോയെങ്കിലും ഞാൻ പരി.അമ്മയോട് പറഞ്ഞു അമ്മേ ഞാൻ ഉടമ്പടിയിൽ വെയ്ക്കാൻ മറന്നുപോയി. അമ്മയുടെ ഈ അസുഖങ്ങളെല്ലാം സുഖപ്പെടുത്തണമെന്ന് പറഞ്ഞു പ്രാർത്ഥിച്ചതിന്റെ ഫലമായി സൗഖ്യം ലഭിച്ചു. കൂടാതെ അമ്മയ്ക്ക് ഒരു നെഞ്ചുവേദന പോലെ ഡോക്ടറെ കണ്ട് പരിശോധിച്ചപ്പോൾ ഒരു മൈനർ അറ്റാക്ക് കഴിഞ്ഞെന്നും ആൻജിയോഗ്രാം വേണമെന്നും പറഞ്ഞു. ഞാൻ പരി.അമ്മയുടെ രൂപം കെട്ടിപ്പിടിച്ച് ചെറിയ വേദനയെല്ലാം മാറ്റിയത് ഈ വലിയ വേദന തരാൻ വേണ്ടിയാണോ മാതാവേ എന്നു ചോദിച്ചു മാതാവിനോട് കരഞ്ഞു പ്രാർത്ഥിച്ചു. റിപ്പോർട്ട് വന്നപ്പോൾ അമ്മയ്ക്ക് യാതൊരുവിധ അസുഖവുമില്ലെന്ന് പറയുകയും പിറ്റേന്ന് ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തു.

**അനുഷ ജോർജ്ജ്, അങ്കമാലി**

**"മരണഗർത്തത്തിൽ പതിച്ചവരുടെ ഇടയിൽ നിന്ന് എന്നെ ജീവനിലേയ്ക്ക് നയിച്ചു". സങ്കീ:30:3**

## എന്റെ കുഞ്ഞിന്റെ രോഗമറിഞ്ഞപ്പോൾ ആശുപത്രിയുടെ മുക്കിലും മൂലയിലും നിന്ന് ഞാൻ കരഞ്ഞു. ഒടുവിൽ കൃപാസനത്തിൽ വന്നപ്പോൾ സംഭവിച്ചത്.



എന്റെ മകൾക്ക് പനിയും വയറുവേദനയും ജലദോഷവുമായി ഡോക്ടറെ കണ്ടപ്പോൾ ന്യുമോണിയയുടെ ആരംഭമാണെന്ന് പറയുകയും സ്കാൻ ചെയ്തപ്പോൾ റൈറ്റ് സൈഡിലെ കിഡ്നിയുടെ മുകളിൽ ഒരു മുഴ കാണുകയും ക്യാൻസറാകാനുള്ള സാദ്ധ്യതയുണ്ടെന്നും സർജറി വേണമെന്നും പറഞ്ഞു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ബഹു. ജോസഫച്ചനെ കണ്ട് പ്രാർത്ഥിച്ചു. വീണ്ടും സ്കാൻ ചെയ്തപ്പോൾ കുഞ്ഞിന് യാതൊരു കുഴപ്പവും ഉണ്ടായിരുന്നില്ല. പരി.അമ്മയ്ക്ക് ഒരായിരം നന്ദി.

**എൽദോ, വലിയപള്ളി, പിറവം**

## ഉടമ്പടി മാഹാത്മ്യം ഒരു വ്യക്തിയുടെ തന്നെ നാലാമത്തെ സാക്ഷ്യം



എന്റെ മകൾക്ക് വർഷങ്ങളായി പിരീയഡ്സ് ആകുമ്പോൾ 22 ദിവസത്തോളം നിൽക്കുമായിരുന്നു. പല മരുന്നുകളും കഴിച്ചെങ്കിലും ഫലമില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു ബഹു. ജോസഫച്ചനെ കണ്ടപ്പോൾ അച്ചൻ സൈത്ത് കൊടുത്തിട്ട് വയറിൽ കുരിശിട്ട് പ്രാർത്ഥിക്കാൻ പറഞ്ഞു. ഞങ്ങൾ അപ്രകാരം ചെയ്യുകയും നേർച്ചവസ്തുക്കൾ ഉപയോഗിക്കുകയും ചെയ്തതിന്റെ ഫലമായി അത്ഭുതകരമായി അസുഖം മാറിക്കിട്ടുകയും വിശ്വാസത്തിൽ ആഴപ്പെടാനും സാധിച്ചു.

**പ്രിൻസി മാർട്ടിൻ, പുന്നപ്ര, ആലപ്പുഴ**

## സാമ്പത്തിക പ്രതിസന്ധി പരിശുദ്ധ അമ്മ തരണം ചെയ്യാൻ സഹായിച്ചവിധം



എന്റെ മകൾക്ക് വിദേശ പഠനത്തിന് പോകുന്നതിനുവേണ്ടി 18 ലക്ഷം രൂപ എഡ്യുക്കേഷൻ ലോൺ എടുത്തിരുന്നു. ജോലി ലഭിക്കാനുള്ള താമസവും സാമ്പത്തികബുദ്ധിമുട്ടും മൂലം കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾക്ക് നല്ലൊരു കമ്പനിയിൽ ജോലി കിട്ടുകയും ലോൺ എടുത്ത തുക തിരിച്ചടയ്ക്കുവാനും സാധിച്ചു. കൂടാതെ ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി താമസിച്ചിരുന്ന വീട് വിറ്റ് പുതിയ സ്ഥലത്ത് ഭവനം പണിയാനും സാധിച്ചു.

**ജോയ് എബ്രഹാം, വെട്ടുമുകളിൽ, ഏറ്റുമാനൂർ**

## ഒരിക്കലും നടക്കാത്ത ആറു കാര്യങ്ങളാണ് ഞാൻ ഉടമ്പടിക്ക് വെച്ചത്. ഷംനയുടെ സാക്ഷ്യം



എനിക്ക് ഗൾഫിലേക്ക് പോകുന്നതിനുള്ള എക്സാം ചെയ്യുന്നതിന് ഡേറ്റ ഫ്ളോ ബ്ലോക്ക് ആയിരുന്നു. വളരെ ബുദ്ധിമുട്ടായിരുന്നു അത് ക്ലിയറായി കിട്ടാൻ. ഞാൻ കൃപാസനത്തിൽ വന്നു ഉടമ്പടി എടുത്തു. നടക്കുമെന്ന് ഒരിക്കലും പ്രതീക്ഷയില്ലാത്ത കാര്യങ്ങളായിരുന്നു ഞാൻ ഉടമ്പടിയിൽ വെച്ചിരുന്നത്. അത്ഭുതകരമായി എനിക്ക് എക്സാം പാസാകാൻ സാധിച്ചു. കൂടാതെ 7 വർഷമായി എനിക്ക് അറിയാവുന്ന ഒരു വ്യക്തിയുമായുള്ള വിവാഹം വീട്ടുകാരുടെ അനുഗ്രഹത്തോടെ നടക്കണമെന്ന് ഉടമ്പടിയിൽ നിയോഗം വെച്ചിരുന്നു. അതും സാധിച്ചു.

**ഷംന, അബുദാബി**

## ഞാൻ അഞ്ച് IUI ചെയ്തു. എന്നിട്ടും കുഞ്ഞുങ്ങൾ ഉണ്ടായില്ല. ഒടുവിൽ ഞാൻ ഉടമ്പടിയെടുത്തു. അപ്പോൾ സംഭവിച്ചത്...



ഞങ്ങൾക്ക് വിവാഹം കഴിഞ്ഞ് 5 വർഷമായിട്ടും കുട്ടികൾ ഇല്ലായിരുന്നു. 5തവണയിൽ കൂടുതൽ IUI ചെയ്തെങ്കിലും കുഞ്ഞുങ്ങൾ ഉണ്ടാകുന്നില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ഉടമ്പടി തൈലം വയറിൽ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി ഗർഭിണിയാവുകയും ഒരു കുഞ്ഞിനെ നൽകി പരി.അമ്മ അനുഗ്രഹിക്കുകയും ചെയ്തു. കുഞ്ഞിന് ഒന്നേകാൽ വയസ്സായപ്പോൾ ഒരു കുഞ്ഞിനെ കൂടി നൽകി പരി.അമ്മ അനുഗ്രഹിച്ചു.

**ഷൈലജ പി.എസ്., ട്രിവാൻഡ്രം**

# ഉടമ്പടി പ്രാർത്ഥന ഉടനടി അനുഗ്രഹം

ഈ സാക്ഷ്യങ്ങളുടെ വീഡിയോ കാണുന്നതിന്
YouTube **Fr V.P Joseph Kreupasanam**
എന്ന യു ട്യൂബ് ചാനൽ സന്ദർശിക്കുക.

## അടച്ചിട്ട കതകിനുള്ളിലൂടെ അമ്മ അകത്തു പ്രവേശിച്ചു. ഞാൻ വീട്ടുകാരെ വിളിച്ചുണർത്തിയപ്പോൾ അമ്മ അതുപോലെ പുറത്തുപോയി.



എനിക്ക് വർഷങ്ങളായി ചെയിൻ സ്മോക്കിംഗ് ഉണ്ടായിരുന്നു. ഒരു ദിവസം ജോലി ചെയ്തു കൊണ്ടിരിക്കെ നെഞ്ചുവേദന വരികയും ഹോസ്പ്പിറ്റലിൽ അഡ്മിറ്റാക്കി ആൻജിയോഗ്രാം ചെയ്തു. വീട്ടിൽ വന്നെങ്കിലും എനിക്ക് ഭയംമൂലം ഉറങ്ങാൻ സാധിച്ചിരുന്നില്ല. എനിക്ക് കഴുത്തിൽ കൊന്ത കിടപ്പുണ്ടെങ്കിലും അത് ചൊല്ലാനറിയില്ല. എങ്കിലും എങ്ങനെയൊക്കെയോ അത് ചൊല്ലി തീർത്തു. രാത്രിയായപ്പോൾ എന്റെ കട്ടിലിൽ ഒരു അമ്മ ഇരുന്നിട്ട് എന്റെ നെറ്റിയിൽ തടവിയിട്ട് നീ എന്തിനാ പേടിക്കുന്നത് ഞാൻ കൂടെയില്ലേ എന്ന് ചോദിച്ചു. ഞാൻ എന്റെ അമ്മയെ വിളിച്ചുണർത്തിയപ്പോൾ അവർ അടച്ചിട്ട വാതിലിലൂടെ പുറത്തേയ്ക്ക് പോകുന്നത് കണ്ടു. അമ്മ മാതാവ് എനിക്ക് സൗഖ്യം നൽകി.

**സന്തോഷ്, കട്ടപ്പന, ഇടുക്കി**

## വർക്ക് പെർമിറ്റിന് അപേക്ഷിക്കുമ്പോൾ പിആർ കിട്ടുന്ന സമയച്ചുരുക്കം. ഇത് ഉടമ്പടിയുടെ മാത്രം പ്രത്യേകതയാണ്.



മൗറീഷ്യസിൽ നഴ്സ് ആയി ജോലി ചെയ്യുന്ന എനിക്ക് ഞാൻ രണ്ടുപ്രാവശ്യം ക്യാനഡയ്ക്ക് അപ്ലൈ ചെയ്തെങ്കിലും എന്റെ സ്കോറിന്റെ പ്രോബ്ലം വന്ന് അത് ക്യാൻസൽ ആയി പോകുമായിരുന്നു. മൗറീഷ്യസ് പി.ആർ. കിട്ടാത്തതിനാൽ ക്യാനഡയ്ക്ക് അപ്ലൈ ചെയ്യാൻ സാധിച്ചിരുന്നില്ല. അവിടെവെച്ച് ഒരു കൃപാസനം പത്രം കിട്ടുകയും അതിലൂടെ കൃപാസനത്തെക്കുറിച്ച് അറിയുകയും അന്നുമുതൽ എല്ലാ ദിവസവും മുടങ്ങാതെ കുടുംബപ്രാർത്ഥനയും ജപമാലയും ചൊല്ലാനും തുടങ്ങി. ആ സമയം ഓൺലൈനായി പഠിക്കാമെന്ന് പറഞ്ഞ് കനേഡിയൻ ഗവ.ഒരു റൂൾ കൊണ്ടുവന്നു. ഞാൻ വർക്ക് പെർമിറ്റിനുവേണ്ടി ഡെയ്റ്റ് ഇട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി 10 ദിവസത്തിനുള്ളിൽ കനേഡിയൻ പി.ആർ. കിട്ടുന്നതിന് പരി. അമ്മ അനുഗ്രഹിച്ചു.

**സൗമ്യ ജിമ്മി, പെരുമ്പടപ്പ്, കണ്ണൂർ**

## ഒരു കുഞ്ഞിനുവേണ്ടി 25 ലക്ഷം മുടക്കി 12 വർഷം കാത്തിരുന്നിട്ടും നടക്കാത്ത കാര്യം. പിന്നെ സംഭവിച്ചത്!



എനിക്ക് വിവാഹം കഴിഞ്ഞ് 12 വർഷമായിട്ടും മക്കൾ ഇല്ലായിരുന്നു. ഒത്തിരി ട്രീറ്റുമെന്റുകൾ ചെയ്തു. രണ്ടുതവണ IVF ചെയ്തു. എന്നിട്ടും ഫലമില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പരി.അമ്മയോട് കരഞ്ഞു പ്രാർത്ഥിച്ചു. ആ സമയം ഇനി നീ ട്രീറ്റുമെന്റൊന്നും എടുക്കണ്ട. നിനക്ക് കുഞ്ഞുണ്ടാവും എന്ന് പരി.അമ്മ തോന്നിച്ചു. ഞാൻ മരുന്നുകൾ ഉപയോഗിക്കാതെ ഉടമ്പടി നേർച്ചവസ്തുക്കൾ വിശ്വാസത്തോടെ ഉപയോഗിച്ചതിന്റെ ഫലമായി ഞാൻ ഗർഭിണിയായി. ഒരു ആൺകുഞ്ഞിനെ നൽകി പരി.അമ്മ അനുഗ്രഹിച്ചു.

**മിനി അനീഷ്, കോതമംഗലം**

## ഡിസ്ക്ക് ബൾജിംഗ് മൂലം വളരെയേറെ ബുദ്ധിമുട്ടിയപ്പോൾ കൃപാസനത്തിൽ വന്ന് പരി.അമ്മയോട് കരഞ്ഞു പ്രാർത്ഥിച്ചു. പിന്നെ സംഭവിച്ചത്.



എനിക്ക് ഡിസ്ക്ക് ബൾജിംഗ് മൂലം വളരെയേറെ ബുദ്ധിമുട്ടിലായിരുന്നു. പല ചികിത്സകളും ചെയ്തെങ്കിലും ഫലമില്ലായിരുന്നു. വേദന വരുന്ന സമയത്ത് കത്തിയെടുത്ത് കീറാൻ തോന്നുമായിരുന്നു. അടുക്കളയിൽ ജോലി ചെയ്യാനോ കുഞ്ഞിനെ എടുക്കാനോ സാധിച്ചിരുന്നില്ല. ബഹു.ജോസഫച്ചനെ കാണാമെന്ന് ആഗ്രഹിച്ച് കൃപാസനത്തിൽ വന്നുവെങ്കിലും ഉടമ്പടി പുതുക്കാതെ അത് സാദ്ധ്യമല്ല എന്നതിനാൽ ഞാൻ മാതാവിന്റെ മുമ്പിൽ നിന്ന് കണ്ണീരോടെ പ്രാർത്ഥിച്ചു തിരികെ പോകുന്ന സമയത്ത് പുറംവേദന പൂർണ്ണമായും സുഖപ്പെട്ടു. പിന്നീടിതുവരെ ആ വേദന വന്നിട്ടില്ല. കൂടാതെ സ്ഥലം വേണമെന്ന് ആഗ്രഹിച്ച് ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി ഒരു മാസത്തിനുള്ളിൽ സ്ഥലം വാങ്ങാൻ സാധിച്ചു.

**ശീതൾ, കർണ്ണാടക**

## ഉടമ്പടിയിൽ ആറല്ല അറുപതു കാര്യം നടക്കും. ഏറ്റവും പുതിയ അനുഭവസാക്ഷ്യം



ന്യൂസിലന്റിൽ ആയിരുന്ന എന്റെ മകന് പി.ആർ. കിട്ടാൻ വേണ്ടി ശ്രമിച്ചിട്ട് തടസ്സങ്ങൾ ആയിരുന്നു. ഒരു ഹോട്ടലിൽ 10 ലക്ഷം രൂപ കൊടുത്താൽ അവർ സപ്പോർട്ട് ചെയ്ത് പി.ആർ. കിട്ടാൻ സഹായിക്കുമെന്നും അവിടെ മാനേജർ ആയി ജോലി കിട്ടുമെന്നും പറഞ്ഞതനുസരിച്ച് ഞങ്ങൾ 10 ലക്ഷം രൂപ ഉണ്ടാക്കി വെച്ചശേഷം കൃപാസനത്തിൽ ബഹു.ജോസഫച്ചനെ കണ്ടപ്പോൾ അച്ചൻ പ്രാർത്ഥിച്ചിട്ട് രൂപ കൊടുക്കരുത്, കൊടുത്താൽ അത് പോകും. നിനക്കു വേണ്ടത് മകന്റെ പി.ആർ. അല്ലേ, അത് മാതാവ് തരും എന്നു പറഞ്ഞു. ഞങ്ങൾ വിശ്വാസത്തോടെ ഡെയ്റ്റ് ഇട്ട് പ്രാർത്ഥിക്കാൻ തുടങ്ങി. മകനോട് പറഞ്ഞപ്പോൾ അതിന് വർഷങ്ങൾ എടുക്കും എന്ന് പറഞ്ഞു. എന്നാൽ അത്ഭുതകരമായി, പി.ആർ. കിട്ടാൻ ബുദ്ധിമുട്ടുള്ള എല്ലാവർക്കും പി.ആർ. കൊടുക്കും എന്ന ഒരു നിയമം സൈറ്റിൽ വരികയും മകന് പി.ആർ.കിട്ടുകയും ചെയ്തു.

**ജീസ ആന്റോ, ഇരിഞ്ഞാലക്കുട, തൃശൂർ**

## ഹൃദയം കൊണ്ട് ചിന്തിക്കണം. ഒരു എൻജിനീയറുടെ സാക്ഷ്യം



ഞാൻ എൻജിനീയറിംഗ് കഴിഞ്ഞ് ജോലിയില്ലാതെ ആകെ വിഷമിച്ച ഘട്ടത്തിൽ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് പെട്ടെന്ന് തന്നെ ഒരു ജോലി ലഭിച്ചു. അവിടെ ജോലി ചെയ്യുന്ന സമയത്ത് അവിടെയുള്ള ആർ & ഡി എന്ന ഏരിയയിൽ എനിക്ക് ജോലി കിട്ടണമെന്ന് ആഗ്രഹിച്ചു പരി.അമ്മയോട് അപേക്ഷിച്ചു. പക്ഷെ വളരെ കോൺഫിഡൻഷ്യൽ ഏരിയ ആയതുകൊണ്ട് അങ്ങോട്ടു കടക്കാൻ പോലും സാധിക്കുമായിരുന്നില്ല. ഞാൻ ഉടമ്പടി നിബന്ധനകളെല്ലാം കൃത്യമായി പാലിച്ചതിന്റെ ഫലമായി ആഗ്രഹിച്ച സ്ഥലത്ത് ആഗ്രഹിച്ചതുപോലൊരു ജോലി തന്നെ നൽകി പരി.അമ്മ അനുഗ്രഹിച്ചു.

**അരുൺ, കുമ്പനാട്, പത്തനംതിട്ട**

## കൃപാസനത്തിൽ വരുന്നവരെ ഞാൻ തടഞ്ഞിരുന്നു. ഇത് തട്ടിപ്പാണെന്ന് പറഞ്ഞ്. ഒരു നല്ല സാക്ഷ്യം



എനിക്ക് വിദേശത്ത് പോകുന്നതിനുള്ള വിസ വന്ന് രണ്ടുദിവസം കഴിഞ്ഞ് പനിവരികയും 5 ദിവസത്തോളം ഉറങ്ങാൻ പറ്റാതെ 3 ഹോസ്പ്പിറ്റലിൽ പോയി 9 പ്രാവശ്യം പനി ചെക്ക് ചെയ്തു. ഹോസ്പ്പിറ്റലിൽ ചെല്ലുമ്പോൾ എനിക്ക് പനി ഇല്ല, വീട്ടിൽ വന്നുകഴിയുമ്പോൾ വീണ്ടും പനി കൂടും. കൃപാസനത്തിൽ വരാൻ ആന്റി പറഞ്ഞെങ്കിലും ഞാൻ കാര്യമാക്കിയില്ല. കാരണം കൃപാസനത്തിൽ വരുന്നവരെ ഞാൻ തടയുകയും ഇത് തട്ടിപ്പാണെന്ന് പറയുകയും ചെയ്തിരുന്ന ആളായിരുന്നു. പനി മാറാതായപ്പോൾ ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിക്കുകയും പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ എന്റെ പനി മാറുകയും വിദേശത്ത് പോകുന്നതിനുള്ള ടിക്കറ്റ് വരികയും ചെയ്തു.

**ജിഡിൻ പൗലോസ്, എറണാകുളം**

## 26 കൊല്ലമായി ബർത്ത് സർട്ടിഫിക്കറ്റ് കിട്ടിയില്ല. ഉടമ്പടിയെടുത്തപ്പോൾ നടന്ന അത്ഭുതം



എന്റെ ഭാര്യ യു.കെ.യ്ക്ക് പോകുന്നതിനുവേണ്ടി OET എക്സാം എഴുതിയെങ്കിലും പാസ്സായില്ല. എനിക്ക് കൃപാസനത്തിൽ വലിയ വിശ്വാസമുണ്ടായിരുന്നില്ല. ഭാര്യയുടെ സുഹൃത്ത് പറഞ്ഞതനുസരിച്ച് കൃപാസനത്തിൽ വന്ന് ഉടമ്പടിയെടുത്ത് ബഹു.ജോസഫച്ചനെ കണ്ട് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി എക്സാം പാസ്സായെങ്കിലും സി.ഒ.എസ്.കിട്ടുന്നതിന് തടസ്സമായിരുന്നു. ഞങ്ങൾ പച്ചത്തിരിയും നീലത്തിരിയും കത്തിച്ച് കൈവിരിച്ചു പിടിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി അപ്പോൾത്തന്നെ സി.ഒ.എസ്. വന്നു. കൂടാതെ 26 കൊല്ലമായിട്ട് ഭാര്യയുടെ ബർത്ത് സർട്ടിഫിക്കറ്റിനുവേണ്ടി പഞ്ചായത്ത് ഓഫീസിൽ ചെന്നിട്ട് കിട്ടുന്നില്ലായിരുന്നു. ഉടമ്പടിയെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി 2 ദിവസത്തിനുള്ളിൽ ബർത്ത് സർട്ടിഫിക്കറ്റ് കിട്ടി.

**ജോബിൻ, ചെങ്ങോം, കണ്ണൂർ**

## മരണം നമ്മുടെ മുന്നിൽ വന്ന് നിൽക്കുമ്പോൾ മാതാവ് പറയും, മരണമേ അൽപ്പം മാറി നിൽക്കൂ, ആ കുട്ടി കുറച്ചുകൂടി ജീവിക്കട്ടെ.



ഞാൻ വീടിന്റെ മുകളിലെ സ്റ്റെയറിൽ നിന്ന് കാൽ തെറ്റി താഴോട്ട് വീഴുകയും പുറംവേദന മൂലം ഇരിക്കാൻ പോലും പറ്റാത്ത അവസ്ഥയിലായി. ഞാൻ പരി.അമ്മയോട് അമ്മേ എനിക്ക് സൗഖ്യം നൽകിയാൽ ഞാൻ നാളെ കൃപാസനത്തിൽ വന്ന് സാക്ഷ്യം പറയാമെന്ന് നേർന്നതിന്റെ ഫലമായി എനിക്ക് പൂർണ്ണ സൗഖ്യം ലഭിച്ചു. എക്സ്-റെ എടുത്തപ്പോൾ ഒരു പോറൽ പോലും കൂടാതെ പരി.അമ്മ എന്നെ കാത്തു. മരണം നമ്മുടെ മുന്നിൽ വന്ന് നിൽക്കുമ്പോൾ മാതാവ് പറയും, മരണമേ അൽപ്പം മാറി നിൽക്കൂ, ആ കുട്ടി കുറച്ചുകൂടി ജീവിക്കട്ടെ. അത്രയും സന്തോഷത്തോടെയാണ് ഞാൻ ഈ സാക്ഷ്യം പറയുന്നത്.

**പ്രഭ, പേരാമംഗലം, തൃശൂർ**

## മാതാവിനോടുള്ള പ്രാർത്ഥനയ്ക്ക് ഉടമ്പടിയെടുക്കേണ്ട കാര്യമുണ്ടോ? മാതാവ് നമ്മുടെ വീട്ടിലുണ്ട്. പള്ളിയിലുമുണ്ട്. പിന്നെ എന്തിനാണെന്നാണ് ചോദിച്ചത്. ഉടമ്പടിയെടുത്തപ്പോൾ പെട്ടെന്ന് സംഭവിച്ചത്.



സൗദിയിൽ ജോലി ചെയ്തിരുന്ന എനിക്ക് കോവിഡ് കാലത്ത് ജോലി നഷ്ടമാകുകയും 2 വർഷം ജോലി ഇല്ലാതെ ആകെ ബുദ്ധിമുട്ടിലാവുകയും ചെയ്തു. വീട്ടുകാർ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുക്കാമെന്ന് പറഞ്ഞപ്പോൾ മാതാവ് വീട്ടിലുമുണ്ട് പള്ളിയിലുമുണ്ട് പിന്നെ ഉടമ്പടിയെടുക്കുന്നതെന്തിനെന്ന് ചോദിച്ചു. പിന്നെ ജോലിയില്ലാത്തതുമൂലം ആകെ ബുദ്ധിമുട്ടായപ്പോൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തശേഷം 20 വർഷം മുമ്പ് പരിചയമുള്ള ഒരു കൂട്ടുകാരൻ വിളിച്ചിട്ട് നീ എവിടെയാണെന്ന് ചോദിച്ചു. ഞാൻ ജോലിയില്ലാതെ വീട്ടിൽ ഇരിക്കുവാണെന്നു പറഞ്ഞപ്പോൾ ഞാനൊന്നു നോക്കട്ടെ എന്നു പറയുകയും അവന്റെ കമ്പനിയിലെ എൻജിനീയർ ചെന്നൈയിൽ ഒരു ഇന്റർവ്യൂവിന് വരുന്നുണ്ടെന്നും അവിടെ പോകാനും പറഞ്ഞു. ഞാൻ ഇന്റർവ്യൂ പാസാകുകയും ആഗ്രഹിച്ച ജോലിതന്നെ ലഭിക്കുകയും ചെയ്തു. പരി.അമ്മയ്ക്ക് ഒരായിരം നന്ദി.

**അനൂപ് തോമസ്, ചമ്പക്കുളം, ആലപ്പുഴ**

KREUPASANAM
MEDIA VISION

# കൃപാസനം

സാമൂഹിക - സാംസ്കാരിക പത്രിക, ഡിസംബർ - 2022



ന്യൂഡൽഹിയിൽ നടന്ന സീറോ മലബാർ ഫരീദാബാദ് രൂപതാ വാർഷികാഘോഷത്തിലും കൃപാസനം ഉടമ്പടി ആരാധനയിലും ഫരീദാബാദ് രൂപതാ ആർച്ച് ബിഷപ്പ് റൈറ്റ്.റവ.ഡോ.കുര്യാക്കോസ് ഭരണി കുളങ്ങര, ഓക്സിലിയറി ബിഷപ്പ് ജോസ് പുത്തൻവീട്ടിൽ, കൃപാസനം ഡയറക്ടർ ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ തുടങ്ങിയവർ ധ്യാനശുശ്രൂഷാ വേദിയിൽ.

## വി. തോമാശ്ലീഹാ നമ്മൾ അറിഞ്ഞതിനും അപ്പുറത്ത്

ഡൽഹി സീറോമലബാർ ഫരീദാബാദ് രൂപതയുടെ വാർഷികാഘോഷവും തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ ദിനാചരണവും 2022 നവംബർ 6ന് അശോക് വിഹാർ മോൺഫോർട്ട് സ്ക്കൂളിൽ വെച്ച് നടന്നു. കൃപാസനം ധ്യാനകേന്ദ്രം ഡയറക്ടർ ഡോ. ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ ധ്യാനശുശ്രൂഷകൾ നയിച്ചു. അഭിവന്ദ്യ പിതാക്കന്മാരും സമർപ്പിതരും ശുശ്രൂഷകരും അൽമായ ശക്തീകരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാവരും ഒരുമിച്ച് കൂടി മാസങ്ങളോളം എടുത്ത് പ്രാർത്ഥനയുടെയും കൂട്ടായ പരിശ്രമത്തിന്റെയും ഒരു ഫലമായിട്ടാണ് നമ്മൾ ഈ ദിവസത്തെ കർത്താവിൽ നിന്ന് വാങ്ങിയതെന്ന് ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ പറഞ്ഞു. ഞാൻ ആദ്യത്തെ 10 കൊല്ലം കടലിലാണ് സുവിശേഷ വേല ചെയ്തത്. രക്തസാക്ഷിയായ തോമാശ്ലീഹായുടെ രക്തത്തിൽ നമ്മൾ ബീജാവാപം ചെയ്ത് വളർന്ന് ഇന്ന് ലോകം മുഴുവനും സുവിശേഷം എത്തിക്കുന്ന ഏറ്റവും വലിയ ലോകത്തിന്റെ ശക്തി സീറോമലബാർ സഭയാണ്. അത് ലോകത്തിന്റെ എല്ലാ മേഖലകളിലും കർത്താവ് ഈ കാലത്തെ അതിജീവിക്കാൻവേണ്ടി ദൈവം നമ്മുടെ സഭയെ പ്രത്യേകമായി ഒരുക്കിയതും വിളിച്ചതും നമ്മൾ തിരിച്ചറിഞ്ഞുകൊണ്ട് നമുക്കിടയിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ വിശ്വാസ സംബന്ധമായി അതിജീവിക്കാനുള്ള ഊർജ്ജവും ശക്തിയും കൂടിയാണ് ഫരീദാബാദ് രൂപതയുടെ ഈ 10 വർഷത്തെ വാർഷികത്തിൽ ദൈവം ലക്ഷ്യംവെയ്ക്കുന്നത് - നമ്മൾ ആഗ്രഹിക്കുന്നതെന്ന് ഞാൻ കരുതുന്നു. കാരണം ഇതിന്റെ പേര് വിശ്വാസ മഹോത്സവം എന്നാണ്. ദൈവാനുഭവം കിട്ടുന്നില്ലെങ്കിൽ നമ്മൾ എന്ത് മഹോത്സവം കാണിച്ചിട്ടും ഒരു കഥയുമില്ല. ഞാൻ വന്നിട്ട് ആദ്യം തിരക്കിയത് നമുക്ക് എത്ര മിഷനറീസ് ഉണ്ട്, നമുക്കെത്ര സെമിനാരിക്കാരുണ്ടെന്നാണ് തിരക്കിയത്. സഭ യൂത്ത്ഫുൾ ആണോ എന്നറിയാൻ വേണ്ടി. സഭ വളരെ യൂത്ത്ഫുൾ ആണ്. നമുക്ക് അതിനുള്ള ആസ്തിയുണ്ട് മുന്നോട്ട് പോകാൻ. ഞാൻ ചിന്തിച്ചത് തോമാശ്ലീഹാ കടലിലൂടെയാണ് കരപറ്റി സുവിശേഷവേല തുടങ്ങിയത്. എന്റെ ഒരു തുടക്കവും കടലിലൂടെയായിരുന്നു. ഞാൻ തോമാശ്ലീഹായാണെന്ന് പറയുകയല്ല. വിശ്വാസം എന്താണെന്ന് അപ്പസ്തോല സമൂഹത്തോടും ലോകസമൂഹത്തോടും ആദ്യം പറയുന്നത് തോമാശ്ലീഹായാണ്. ചങ്കും ചുണ്ടും തമ്മിലുള്ള വർക്കാണ് വിശ്വാസമഹോത്സവത്തിന്റെ അകക്കാമ്പ് എന്നു പറയുന്നത്. സഭ ഒരു കൂദാശ ആണ്. ആ കൂദാശയിലൂടെ കാണപ്പെടാത്ത ദൈവവരപ്രസാദത്തെ കാണപ്പെടുന്ന അടയാളങ്ങളിലൂടെ സംലഭ്യമാക്കുമ്പോൾ ക്രിസ്തുവിനെ ദൃശ്യവൽക്കരിക്കുന്ന ഒരു പ്രക്രിയയാണ്. അതിനുവേണ്ടിയാണ് സഭ മറ്റൊരു കൂദാശയായി ഇവിടെ നിലനിൽക്കുന്നത്.

## കടലും തീരവും സംരക്ഷിക്കാൻ കടലിൽ നിരാഹാര സമരം



ലോക മത്സ്യത്തൊഴിലാളി ദിനത്തിൽ കടലും തീരവും സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അർത്തുങ്കൽ കടലിൽ കേരളാ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന നിരാഹാര സമരത്തിൽ കൃപാസനം കോസ്റ്റൽമിഷൻ ഡയറക്ടർ ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ, ഫാ.സെലസ്റ്റിൻ, ആന്റണി കുരിശിങ്കൽ, സിബി ഡാനിയേൽ തുടങ്ങിയവർ.

2022 നവംബർ 21ലെ ലോക മത്സ്യത്തൊഴിലാളി ദിനത്തിൽ കൃപാസനം കോസ്റ്റൽമിഷനും സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷനും ചേർന്ന് കടലിൽ നിരാഹാരസമരം അനുഷ്ഠിച്ചു. തൊഴിലും തൊഴിലിടവും സംരക്ഷിക്കണമെന്നാവശപ്പെട്ടായിരുന്നു സമരം. നമ്മൾ ഈ നടുക്കടലിൽ വെച്ച് ഇന്നുരാവിലെ മുതൽ കടലിനെ സംരക്ഷിക്കുക, മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനുവേണ്ടിയുള്ള എല്ലാ ഇച്ഛാക്തികളുടേയും ഇന്ധനമാകുക, ഊതിക്കത്തിക്കുക ഒപ്പംതന്നെ മത്സ്യത്തൊഴിലാളികളുടെ നിലയും വിലയും സമൂഹത്തിൽ അടയാളപ്പെടുത്തിക്കൊണ്ട് പുതിയ കാലത്തെ ചെറുത്തുനിൽപ്പിനുള്ള വലിയ ആവേശം പകരുന്ന നിരാഹാരസമരമാണ് ഇതെന്ന് കൃപാസനം കോസ്റ്റൽമിഷൻ ഡയറക്ടർ ഡോ.ഫാ.വി.പി.ജോസഫ് വലിയവീട്ടിൽ പറഞ്ഞു. മത്സ്യത്തൊഴിലാളികൾ ഈ സമൂഹത്തിന്റെ അടിസ്ഥാനവർഗ്ഗമാണ്. അടിസ്ഥാനവർഗ്ഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഇവിടെ സംവിധാനങ്ങളില്ല. പിന്നെ ആരുണ്ട്? അടിസ്ഥാനവർഗ്ഗം തന്നെയുള്ളു. നമ്മൾക്ക് കിട്ടിയിരിക്കുന്ന നിലയും വിലയും പണയം വെയ്ക്കാൻ തയ്യാറല്ലാത്തതുകൊണ്ടാണ് നമ്മൾ പ്രതിരോധിക്കാൻ തയ്യാറാകുന്നത്. അർത്തുങ്കൽ കടലിൽ നടത്തിയ കടൽ സമരത്തിനും രാവിലെ മുതൽ കടൽ സംരക്ഷിക്കാനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും സമൂഹത്തിന്റെ സാമൂഹ്യമായ ബാധ്യതകളെ ഏറ്റെടുത്തുകൊണ്ട് ഉപവസിച്ച എല്ലാ നിരാഹാര സമരസേനാനികൾക്കും കൃപാസനം കോസ്റ്റൽമിഷൻ ഡയറക്ടർ ഡയറക്ടർ നാരങ്ങാനീര് നൽകിക്കൊണ്ട് സമരം അവസാനിപ്പിച്ചു. ഫാ.ജോൺസൺ പുത്തൻവീട്ടിൽ, ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് രാജു ആശ്രയം, ആന്റണി കുരിശിങ്കൽ, പി.എം.വർഗീസ്, സിബി ഡാനിയേൽ, മേബിൾ ജോൺകുട്ടി, ഔസേപ്പ് പള്ളിക്കത്തയ്യിൽ, സുനിൽ കോയിൽപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.



# കൃപാസനത്തിൽ; ' അടയാളങ്ങൾ, അത്ഭുതങ്ങൾ പലവിധത്തിലുള്ള ശക്തമായ പ്രവൃത്തികൾ ' (ഹെബ്രാ:2:4)

## ഉടമ്പടി: കാശുരൂപം കൈയ്യിൽ പിടിച്ച് പ്രാർത്ഥിച്ചപ്പോൾ അമ്മ എനിക്ക് വിജയം തന്നു.



എനിക്ക് പ്രോമെട്രിക് എക്സാം പാടായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് മാതാവിന്റെ കാശുരൂപം എന്റെ കൈയ്യിൽ പിടിച്ച് എന്റെ മാതാവേ എനിക്ക് ഇതിന്റെ സെക്കന്റ് പാർട്ട് ഒന്നും അറിയില്ല. ഞാൻ പഠിച്ചതൊന്നും ഇതിൽ ഇല്ലല്ലോ അമ്മ എന്നെ രക്ഷിക്കണം ഞാൻ കടം മേടിച്ചാണ് എക്സാം ഫീസ് കൊടുത്തത് ഇനിയും എനിക്ക് അത് ഉണ്ടാക്കാൻ പറ്റില്ല അമ്മ എന്നെ അനുഗ്രഹിക്കണം എന്ന് പറഞ്ഞ് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് എക്സാം പാസാകാനും സൗദിയിൽ ജോലിയും ലഭിച്ചു. പരി.അമ്മയ്ക്ക് ഒരായിരം നന്ദി.

**ശ്രീജ ടി.എൻ., കൃഷ്ണലയം ഹൗസ്, തുരുത്തുമ്മേ, ചെമ്പ്, വൈക്കം**

## ഉടമ്പടി: 24 മണിക്കൂറിനുള്ളിൽ ജോലി കിട്ടിയ സാക്ഷ്യം



എന്റെ മകൻ വിസിറ്റിംഗ് വിസയിൽ വിദേശത്ത് ജോലിക്ക് പോയിട്ട് 4 മാസമായിട്ടും ജോലി ലഭിച്ചില്ല. ഞങ്ങൾ വളരെയധികം വിഷമത്തിലായി. ആ സമയം ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പരിശുദ്ധ അമ്മയോട് മുട്ടിപ്പായി പ്രാർത്ഥിച്ചതിന്റെ ഫലമായി 24 മണിക്കൂർ തികയുന്നതിനുമുമ്പ് അബുദാബിയിലെ നല്ലൊരു കമ്പനിയിൽ മകന് ജോലി ലഭിച്ചു. പരി.അമ്മയ്ക്ക് ഒരായിരം നന്ദി.

**സെലീന മേരി അഗസ്റ്റിൻ,77, തൃപ്തി നഗർ, ശക്തികുളങ്ങര**

## ഉടമ്പടി: സഞ്ചാരിമാതാവ് കൂടെവന്ന സാക്ഷ്യം



എന്റെ മകൾ നാലാം ക്ലാസ്സുവരെ മിസ്സുമാരുടെ സഹായത്തോടുകൂടിയാണ് ഓരോ ക്ലാസ്സും പാസായത്. പത്താംക്ലാസിൽ എന്റെ മകൾ തനിയെ പഠിച്ചാൽ പാസാകില്ലെന്ന് ഉറപ്പായിരുന്നു. ഞാൻ ഉടമ്പടി പുതുക്കിയപ്പോൾ SSLCയ്ക്ക് ഈശോയ്ക്ക് ഇഷ്ടമുള്ള വിജയം നൽകി അനുഗ്രഹിക്കണമെന്ന് നിയോഗം വെച്ചിരുന്നു. ഉടമ്പടി ധ്യാനം കൂടുന്ന സമയത്ത് അമ്മ മാതാവ് ബഞ്ചിലിരുന്ന് ഡെസ്ക്കിലേയ്ക്ക് ചാഞ്ഞ് എക്സാം എഴുതുന്നത് ദർശനത്തിൽ കണ്ടു. ധ്യാനസമയത്ത് മാതാവിനെയും മാലാഖമാരെയും ദർശനം കണ്ടവർ പ്രാർത്ഥിക്കട്ടെ എന്ന് ബഹു.ജോസഫച്ചൻ പറഞ്ഞു. മകൾക്ക് രണ്ട് എപ്ലസ് ഉൾപ്പടെയുള്ള വിജയം നൽകി അമ്മ മാതാവ് അനുഗ്രഹിക്കുകയും പ്ലസ് വൺന് സയൻസ് ഗ്രൂപ്പിൽ അഡ്മിഷൻ നൽകി അനുഗ്രഹിക്കുകയും ചെയ്തു.

**രജിത എലിസബത്ത് വർഗ്ഗീസ്, കോലാശ്ശേരിൽ ഹൗസ്, പാമ്പാടി, കോട്ടയം**

## ഉടമ്പടി: OET അഞ്ചാംതവണ പാസ്സായ സാക്ഷ്യം



ഞാൻ 4 പ്രാവശ്യം OET പരീക്ഷ എഴുതിയെങ്കിലും എല്ലാ തവണയും ഒന്നുരണ്ടു മാർക്കിന് തോൽക്കുമായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ച് അഞ്ചാമത്തെ തവണ പരീക്ഷ എഴുതി. റിസൾട്ട് വന്നപ്പോൾ യു.കെ.സ്കോർ നൽകി പരി.അമ്മ അനുഗ്രഹിച്ചു. കൂടാതെ OETക്ക് ശേഷം CBTഎക്സാം എഴുതാൻ ഡെയ്റ്റ് എടുക്കാൻ എനിക്ക് കൺഫ്യൂഷൻ ആയിരുന്നു. പരി.അമ്മയോട് പ്രാർത്ഥിച്ച് ഡെയ്റ്റ് എടുത്തു പരീക്ഷ എഴുതി. പഠിക്കാത്ത ചോദ്യങ്ങളാണ് കൂടുതലും വന്നിരുന്നത്. തോൽക്കുമെന്ന് കരുതിയെങ്കിലും പരി.അമ്മ എന്നെ പാസാക്കി.

**അനുഷ ആൻ ലാലു, കണ്ണിക്കുളത്തേൽ ഹൗസ്, തൊടുപുഴ**

## ഉടമ്പടി: 13 ലക്ഷത്തിന്റെ കടബാധ്യത നീങ്ങിപ്പോയ സാക്ഷ്യം



എനിക്ക് 13 ലക്ഷത്തിന്റെ കടബാധ്യത ഉണ്ടായിരുന്നു. ഞാനും എന്റെ കുടുംബവും ജപ്തിയുടെ വക്കിലായിരുന്നു. കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥച്ചതിന്റെ ഫലമായി വിൽക്കാൻ തടസ്സപ്പെട്ടിരുന്ന എന്റെ 10 സെന്റ് സ്ഥലം വിറ്റ് കടം പൂർണ്ണമായി തീർക്കുവാൻ സാധിച്ചു. കൂടാതെ മൂന്നരവർഷമായി എനിക്ക് നെഞ്ചുവേദന ഉണ്ടായിരുന്നു. ആശുപത്രിയിൽ കാണിച്ചപ്പോൾ ഹൃദയത്തിന് തകരാർ ഉള്ളതായി കണ്ടെത്തുകയും ജീവിതകാലം മുഴുവൻ മരുന്ന് കുടിക്കുവാൻ ഡോക്ടർ നിർദ്ദേശിച്ചു. ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി ഒരു മാസം മുമ്പ് പരിശോധിച്ചപ്പോൾ ഒരു പ്രശ്നവുമില്ലെന്ന് കണ്ടെത്തി.

**ലൂർദ്, ഷൈനി വിലാസം, പുനലൂർ, കൊല്ലം**

## 6 വർഷമായി മക്കളില്ല. ഉടമ്പടി എടുത്തപ്പോൾ സന്താനഭാഗ്യം നൽകി പരി.അമ്മ അനുഗ്രഹിച്ചു.



ഞങ്ങളുടെ വിവാഹം കഴിഞ്ഞ് ആറുവർഷമായിട്ടും മക്കളില്ലായിരുന്നു. പല ചികിത്സകളും ചെയ്തെങ്കിലും ഫലമില്ലായിരുന്നു. ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി ഭാര്യ ഗർഭിണിയായി. ഒരു പെൺകുഞ്ഞിനെ നൽകി പരി.അമ്മ ഞങ്ങളെ അനുഗ്രഹിച്ചു. കൂടാതെ ഞങ്ങൾക്ക് സ്ഥലം വാങ്ങിക്കുവാനും ഒരു വാഹനം സ്വന്തമാക്കുവാനും പരി.അമ്മ അനുഗ്രഹിച്ചു.

**ലിജോ ജോസ്, കിഴക്കേടത്ത്, പെരിന്തൽമണ്ണ, മലപ്പുറം**

## ഉടമ്പടി കാശുരൂപം: സ്ഥലസംബന്ധമായ മുഴുവൻ തടസ്സങ്ങളും നീങ്ങിപ്പോയ സാക്ഷ്യം



എന്റെ വീടിന്റെ പേരിൽ കോടതിയിൽ കേസ് ഉണ്ടായിരുന്നു. 2016ൽ കേസ് തീർന്നെങ്കിലും അതിന്മേലുള്ള റെവന്യൂ റിക്കവറി പിൻവലിച്ചതായിട്ടുള്ള സർട്ടിഫിക്കറ്റ് കിട്ടാൻ വൈകി. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു കാശുരൂപവുമായി കോടതിയിൽ പോയതിന്റെ ഫലമായി ആർ.ആർ.പിൻവലിച്ചുകിട്ടി. കൂടാതെ വസ്തു പോക്കുവരവ് ചെയ്യാൻ സാധിച്ചു. മകൻ സൗദി ഗവ.എക്സാം പാസാകുകയും ജോലി സ്ഥിരപ്പെടുകയും ചെയ്തു.

**മീനാംബിക, വൈശാഖ്, കൊല്ലം - 3**

## ഉടമ്പടി: സമയച്ചുരുക്കത്തിന്റെ അത്ഭുതസാക്ഷ്യം



എന്റെ ഹസ്ബന്റിന്റെ പേരിൽ ഉണ്ടായിരുന്ന 45 സെന്റ് സ്ഥലത്തിൽ 22 സെന്റിന് പട്ടയം ലഭിക്കുന്നില്ലായിരുന്നു. ഒരേ പ്ലോട്ടിൽ ഉള്ള സ്ഥലമായിരുന്നതുകൊണ്ട് പകുതി ഇല്ലാതെ വന്നപ്പോൾ അതിനെ സംബന്ധിച്ച പേപ്പർ വർക്കുകൾ എല്ലാം ശരിയാക്കിയെങ്കിലും കോവിഡ് കാലമായതിനാൽ 4 വർഷം കഴിഞ്ഞു മാത്രമേ പട്ടയം കിട്ടൂ എന്നു അറിയിച്ചു. ഉടമ്പടി എടുത്തു പുതുക്കി കൃത്യം 87-ാം ദിവസം പട്ടയം ശരിയായി എന്നുപറഞ്ഞ് ഓഫീസർ വിളിക്കുകയും പട്ടയം കൈപ്പറ്റുകയും ചെയ്തു. പരി.അമ്മയ്ക്ക് നന്ദി.

**തെരേസ സുനിൽ, നെടുങ്ങാട്ട് ഹൗസ്, മണർകാട്**

## ഉടമ്പടിയിൽ ലഭിക്കുന്ന ദൈവിക സംരക്ഷണത്തെപ്പറ്റിയുള്ള അത്ഭുത സാക്ഷ്യം



എനിക്ക് ഹൈ റിസ്ക്ക് പ്രഗ്നൻസി ആയിരുന്നു. ആറാം മാസത്തിൽ കുഞ്ഞിനെ എടുത്തുകളയണം എന്നു ഡോക്ടർ പറഞ്ഞു. ആകെ തകർന്നുപോയ അവസ്ഥയിൽ എന്റെ സഹോദരി ഉടമ്പടി തൈലവും ഉടമ്പടികാശുരൂപവും തരികയും ഇനി നിനക്കും കുഞ്ഞിനും ഒന്നും പറ്റില്ലായെന്നും പറഞ്ഞു. അടുത്ത സ്കാനിംഗിന് പോകുന്ന സമയത്ത് ഞാൻ കാശുരൂപം വയറിൽ വെച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്കും കുഞ്ഞിനും ഒന്നും സംഭവിക്കാതെ പരി.അമ്മ ഞങ്ങളെ അനുഗ്രഹിച്ചു.

**ആൻസി നിലിൻ, ശവിയൻവിള, പുതിയതുറ, തിരുവനന്തപുരം**

## ഉടമ്പടി: മൂന്നാംദിവസം കേസ് നീങ്ങിപ്പോയ സാക്ഷ്യം



എന്റെ ഭർത്താവിന് 46 വർഷമായി മൈഗ്രെയ്ൻ തലവേദന മൂലം വിഷമിക്കുകയായിരുന്നു. ഞങ്ങൾ കൃപാസനത്തിൽ ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി തലവേദന മാറിക്കിട്ടി. കൂടാതെ ഞങ്ങൾ 2004ൽ വാങ്ങിയ ഒരു വർക്ക്ഷോപ്പ് ഉള്ള സ്ഥാപനം കേസിൽ പെട്ട കാര്യം അറിയില്ലായിരുന്നു. 15 വർഷമായി നിലവിലുള്ള കേസിൽ നിന്ന് ഉടമ്പടിയെടുത്ത് മൂന്നാമത്തെ ദിവസം കേസിൽ നിന്ന മോചനം കിട്ടുകയും എല്ലാ പേപ്പറുകളും ക്ലിയർ ആയി കിട്ടുകയും ചെയ്തു.

**സിസിലി വർഗീസ്, മഞ്ഞളി വീട്, പാറക്കടവ്**

## ഉടമ്പടി എടുത്ത് ഏഴാം ദിവസം കള്ളക്കേസിൽ നിന്ന് മോചനം



എന്റെ ഭർത്താവിന്റെ പേരിൽ ഒരു കള്ളക്കേസ് ഉണ്ടായിരുന്നു. കേസിൽനിന്ന് മോചിതനാകുന്നതിന് വക്കീൽ എതിർകക്ഷിയോട് കോംപ്രമൈസ് ചെയ്യാൻ പറഞ്ഞപ്പോൾ അവർ സമ്മതിച്ചില്ല. ഞാൻ ഉടമ്പടി എടുത്ത് ഏഴാംദിവസം എവിടെവേണമെങ്കിലും വന്ന് കോംപ്രമൈസ് ചെയ്യാമെന്ന് പറയുകയും കേസിൽ നിന്ന് രക്ഷപെടുകയും ചെയ്തു. പരി.അമ്മയ്ക്ക് നന്ദി.

**ഷീജ ഷാജു, പുലിമൂട്ടിൽ, പൂതംപാറ, കോഴിക്കോട്**

## ഉടമ്പടി: ജീവിത പ്രതിസന്ധികളെ ഈ അമ്മ തരണം ചെയ്തത് ഇങ്ങനെയാണ്.



എന്റെ ജീവിതപങ്കാളിക്ക് കിഡ്നിയും ഹാർട്ടും കംപ്ലെയിന്റ് ആയിരുന്നു. ക്രിയാറ്റിൻ കൂടി ഡയാലിസിസ് തുടങ്ങിയപ്പോൾ തലയിൽ ബ്ലീഡ് ആയി. സർജറി ചെയ്തില്ലെങ്കിൽ ആൾ കോമയിൽ ആയി പോകുമെന്നും ചെയ്യണമെങ്കിൽ ഹാർട്ട് സ്റ്റെബിൾ ആകണമെന്നും പറഞ്ഞു. 17 ദിവസം ICUൽ കിടന്നശേഷം സർജറി ചെയ്തു. വീണ്ടും ക്രിട്ടിക്കൽ കണ്ടീഷനിലായി. ഞാൻ ICUലെ ബെഡിനുചുറ്റും ഉടമ്പടി ഉപ്പ് വിതറുകയും തേൻ നാവിൽ കൊടുക്കുകയും ഉടമ്പടിതൈലം നെറ്റിയിലും ചെസ്റ്റിലും വിശ്വാസപ്രമാണം ചൊല്ലി പുരട്ടി പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി നോർമൽ ആകുകയും ഡിസ്ചാർജ്ജ് ആവുകയും ചെയ്തു.

**ടെസി അലക്സ്, നല്ലൂർ, കിളിയൻന്തറ, കണ്ണൂർ**

## സഹോദരൻ ഉടമ്പടിയെടുത്തപ്പോൾ എനിക്കുകിട്ടിയ രോഗസൗഖ്യം



എനിക്ക് 6 വർഷമായിട്ട് ശ്വാസംമുട്ടൽ ഉണ്ടായിരുന്നു. ഒരു ജോലിയും ചെയ്യാൻ സാധിച്ചിരുന്നില്ല. രണ്ടാഴ്ച്ചയായി കട്ടിലിൽ തന്നെ അനങ്ങാൻ വയ്യാതെ കിടക്കുകയായിരുന്നു. എന്റെ സഹോദരൻ ഇവിടെ വന്ന് എന്റെ അസുഖം മാറുന്നതിനുവേണ്ടി ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി പിറ്റേദിവസം തന്നെ കട്ടിലിൽ നിന്ന് എഴുന്നേൽക്കുവാനും കൃപാസനത്തിൽ വന്ന് ഉടമ്പടി എടുക്കുവാനും ശ്വാസംമുട്ടൽ സുഖപ്പെടുകയും ചെയ്തു.

**ടിന്റു, പൂങ്കാവ്, ആലപ്പുഴ**

## 10 വർഷമായി മക്കളില്ല. ഉടമ്പടി എടുത്തപ്പോൾ നടന്ന അത്ഭുതം..



ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 10 വർഷമായി കുഞ്ഞുങ്ങൾ ഇല്ലാതെ വിഷമിക്കുകയായിരുന്നു. പലചികിത്സകളും ചെയ്തെങ്കിലും ഫലമില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് യുട്യൂബിൽ ആരാധന കൂടുന്ന സമയത്ത് നവംബർ 11 എന്ന് ആരോ മനസ്സിൽ പറയുകയും ആ ഡെയ്റ്റ് ഇട്ട് പ്രാർത്ഥിക്കുകയും ചെയ്തു. ഏപ്രിലിൽ ഗർഭിണിയാണെന്ന് അറിയുകയും ഡോക്ടറെ കണ്ടപ്പോൾ സെർവിക്സ് വീക്കാണെന്നും നേരത്തെ ഡെലിവറി ഉണ്ടാകുമെന്നും പറഞ്ഞുവെങ്കിലും ഒരു കുഴപ്പവും കൂടാതെ നവംബർ 11ന് ഒരു കുഞ്ഞിനെ നൽകി പരി.അമ്മ അനുഗ്രഹിച്ചു.

**ജിൽഷ ഷിജു, കല്ലറയ്ക്കൽ ഹൗസ്, കൃഷ്ണൻകോട്ട, തൃശൂർ**

## മെറിറ്റിൽ ജോലി ലഭിക്കുമെന്ന് കരുതിയെങ്കിലും ലഭിച്ചില്ല. ഓൺലൈൻ ഉടമ്പടിയിലൂടെ നടന്ന അത്ഭുതം



അമേരിക്കയിൽ ജോലിക്ക് ശ്രമിച്ച എനിക്ക് എൻജിനീയറിംഗിൽ മാസ്റ്റേഴ്സ് ഡിഗ്രി, 10 വർഷത്തെ എക്സ്പീരിയൻസ്, അവിടെ ജോലി ചെയ്യുന്നതിനുള്ള വർക്ക് പെർമിറ്റ് ഒക്കെ ഉള്ളതുകൊണ്ട് ചെന്നാലുടനെ ജോലി കിട്ടും എന്നു വിചാരിച്ചു. പക്ഷെ പല ഇന്റർവ്യൂകൾ അറ്റൻഡ് ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും ജോലി ലഭിച്ചില്ല. മാനസികമായി തളർന്ന ഞാൻ ഓൺലൈനിൽ ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു ജോലി ലഭിച്ചു. രണ്ടാഴ്ച്ച കഴിഞ്ഞ് എന്റെ ഫീൽഡിലെ ഏറ്റവും നല്ല കമ്പനിയിൽ നല്ലൊരു ജോലി ലഭിച്ചു.

**ക്രിസ്റ്റീൻ ക്ലീറ്റസ്, ഫ്രെഡറിക്, മേരിലാന്റ്, യു.എസ്.എ.**

## 18 വർഷമായ വാടക വീട്ടിലെ താമസം ഉടമ്പടിയിലൂടെ അവസാനിച്ചപ്പോൾ...



18 വർഷമായി ഞങ്ങൾ വാടക വീട്ടിലായിരുന്നു താമസം.കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിനെ തുടർന്ന് കയ്യിൽ ഒരു രൂപ പോലും ഇല്ലാതിരുന്നപ്പോഴും 6 സെന്റ് സ്ഥലം വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിന് ഒരു ബാങ്കിൽ ലോൺ ചോദിച്ചപ്പോൾ തടസ്സം കൂടാതെ തരികയും ചെയ്തു. 8 മാസം കൊണ്ട് ഭവനം പണി പൂർത്തിയാക്കാൻ പരി.അമ്മ അനുഗ്രഹിച്ചു.

**ബിബി ജിധിൻ, വാഴപ്പറമ്പിൽ, കറുകുറ്റി, അങ്കമാലി**

## ഉടമ്പടി: 20 വർഷമായ രക്തസ്രാവം സുഖപ്പെട്ടു.



എനിക്ക് 20 വർഷമായി രക്തസ്രാവം ഉണ്ടായിരുന്നു. സ്കാൻ ചെയ്തപ്പോൾ യൂട്രസിൽ 3 മുഴകൾ ഉണ്ടെന്നും രക്തസ്രാവം അമിതമായപ്പോൾ യൂട്രസ് എടുത്തു കളയണം എന്നും പറഞ്ഞു. ആ സമയം എനിക്ക് ശക്തമായ പനി വരികയും ഓപ്പറേഷൻ മാറ്റിവെയ്ക്കുകയും ചെയ്തു. ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ഓപ്പേറേഷൻ കൂടാതെ പൂർണ്ണസൗഖ്യം ലഭിച്ചു

**റെജിമോൾ ജോസഫ്, കിഴക്കേപുരയ്ക്കൽ, അമലഗിരി പി.ഒ., കോട്ടയം**

## പലതവണ IELTS ഉം OET ഉം തോറ്റപ്പോൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു. പിന്നീട് സംഭവിച്ചത്...



എന്റെ മകൾ നഴ്സിംഗ് പഠനം കഴിഞ്ഞ് 3 പ്രാവശ്യം IELTS ഉം ഒരു പ്രാവശ്യം OETഉം എഴുതിയെങ്കിലും പാസ്സായില്ല. പിന്നെ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ബഹു.ജോസഫച്ചനെ കണ്ടപ്പോൾ അച്ചൻ പ്രാർത്ഥിക്കുകയും വെഞ്ചിരിച്ച കാശുരൂപം തരികയും ചെയ്തു. എക്സാമിന് കാശുരൂപവുമായി പോകുകയും യു.കെ.സ്കോർ കിട്ടി പാസ്സാവുകയും ചെയ്തു.

**സിസിലി ബെന്നി, ആച്ചിയ്ക്കൽ ഹൗസ്, വെളിയന്നൂർ, കോട്ടയം**

## 2 വർഷമായ സ്ഥലം വിൽപ്പനാ തടസ്സം ഉടമ്പടിയിലൂടെ നീങ്ങിപ്പോയ സാക്ഷ്യം



ഞങ്ങളുടെ ഒന്നര ഏക്കർ സ്ഥലം 2 വർഷമായി വിൽക്കാൻ പറ്റാതെ തടസ്സപ്പെട്ട് കിടക്കുകയായിരുന്നു. കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു ഉടമ്പടി നേർച്ചവസ്തുക്കൾ ഉപയോഗിച്ചതിന്റെ ഫലമായി 5 മാസത്തിനുള്ളിൽ കച്ചവടം നടക്കുകയും അഡ്വാൻസ് ലഭിക്കുകയും ചെയ്തു. കൂടാതെ ഭർത്താവിന് 5 വർഷമായി ഒരു സ്ഥിരജോലി ലഭിക്കാതെ വിഷമത്തിൽ ആയിരുന്നു. ബഹു.ജോസഫച്ചനെ കണ്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഇപ്പോൾ സ്ഥിരമായി ജോലി ലഭിച്ചു.

**ബിന്റു ബേബി, കോച്ചേരിയിൽ ഹൗസ്, പുളിന്താനം പി.ഒ., മൂവാറ്റുപുഴ**

## 2 ഓപ്പറേഷൻ വേണമെന്ന് പറഞ്ഞ ലിഗ്മെന്റ് പൊട്ടിയ കാൽമുട്ട് ഉടമ്പടിയിലൂടെ സുഖപ്പെട്ടപ്പോൾ...



എന്റെ മകന് മുട്ടിന്റെ ലിഗ്മെന്റ് പൊട്ടി സർജറി ചെയ്തു. സർജറിക്ക് ശേഷം മുട്ടിന് ഭയങ്കര വേദനയും കാലിന് സ്റ്റെബിലിറ്റി നഷ്ടപ്പെടുകയും മുട്ട് ലൂസ് ആയതായി ഫീൽ ചെയ്യുകയും ചെയ്തു. സർജനെ കാണിച്ചപ്പോൾ 2 ഓപ്പറേഷൻ ചെയ്താലെ ഫിക്സ് ചെയ്യാൻ പറ്റു എന്നു പറഞ്ഞു. സർജറി ചെയ്യാൻ ഭയമായിരുന്നതുകൊണ്ട് കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ഉടമ്പടി തൈലം മുട്ടിൽ പുരട്ടി വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി കാൽ സുഖപ്പെട്ടു.

**ജെസി ലൂയിസ്, ഇടശ്ശേരി പറമ്പിൽ, റബ്ബർ ബോർഡ്, കോട്ടയം**


## ഉടമ്പടി തൈലം: ഡോ.കരോളിൻ ഗീത എം.ഡി. ഗവ.എച്ച്.ഒ.ഡി.യുടെ ഒരത്യുജ്ജ്വല അനുഭവസാക്ഷ്യം



ഒരു ഡോക്ടറായ എനിക്ക് 20 വർഷമായി നടുവിന് വേദന മൂലം പല ടെസ്റ്റുകളും ചെയ്തു, മരുന്നുകളും കഴിച്ചെങ്കിലും ഫലമില്ലായിരുന്നു. ഒരു യാത്രയ്ക്കിടെ നടുവിന്റെ ഡിസ്ക്ക് കൊളാപ്സ് ആയിപ്പോകുകയും പെട്ടെന്ന് ഹോസ്പ്പിറ്റലിൽ എത്തിച്ച് സർജറി ചെയ്തെങ്കിലും വീണ്ടും കാലിന് മരവിപ്പ് തുടങ്ങി യാത്രചെയ്യാൻ പറ്റാതായി. എം.ആർ.ഐ. ചെയ്തപ്പോൾ അടുത്ത സർജറി വേണമെന്നു പറഞ്ഞു. ഞാൻ നടുവിന് ബെൽറ്റിട്ട് ഇഴഞ്ഞെന്നപോലെയാണ് കൃപാസനത്തിൽ ഉടമ്പടി എടുക്കാൻ വന്നത്. ഉടമ്പടി എടുത്ത് ഉടമ്പടി തൈലം പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ നടുവ് വേദന പൂർണ്ണമായും സുഖപ്പെട്ടു.

**ഗീത, നാഗർകോവിൽ**

## ഡിസ്ക്ക് ബൾജിംഗ് മൂലം ജോലിക്ക് പോകാൻ സാധിക്കാതായപ്പോൾ ഉടമ്പടി ചെയ്തു. പിന്നീട് സംഭവിച്ചത്...



ഒരു അദ്ധ്യാപികയായ എനിക്ക് കഴുത്തിന്റെ ഡിസ്ക്ക് ബൾജ്ജ് ചെയ്തതിനെത്തുടർന്ന് ജോലിക്ക് പോകാൻ സാധിക്കാതെ വന്നു. ഇതിന്റെ ചികിത്സയ്ക്കായി പല ആശുപത്രികളിലും പോയി പല മരുന്നുകളും കഴിച്ചെങ്കിലും കുറവില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി അസുഖം മാറിക്കിട്ടി.

**ജോയ്സി ബെന്നി, ആദപ്പിള്ളി ഹൗസ്, തോട്ടകം, കരുക്കുറ്റി**

## ജന്മനാ ശ്വാസംമുട്ടൽ ഉണ്ടായിരുന്ന വ്യക്തി ബഹു.ജോസഫ് അച്ചന്റെ ആശീർവാദത്തിലൂടെ സുഖപ്പെട്ട സാക്ഷ്യം



എന്റെ മകൾക്ക് ജന്മനാ ശ്വാസംമുട്ടൽ ഉണ്ടായിരുന്നു. ഗൂഗിൾ മീറ്റിലൂടെ ബഹു.ജോസഫച്ചന്റെ ആശീർവാദം ലഭിക്കുകയും കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി അസുഖം മാറിക്കിട്ടി. കൂടാതെ എന്റെ വയറ്റിൽ വേദനയും അസ്വസ്ഥതയും ഉറക്കമില്ലായ്മയും ബഹു.ജോസഫച്ചന്റെ പ്രാർത്ഥനയിലൂടെ സുഖപ്പെട്ടു.

**കൊച്ചുത്രേസ്യാ, താന്നിവേലിൽ, ചങ്ങനാശ്ശേരി**

കൃപാസനം ധ്യാനശുശ്രൂഷകൾ ലൈവായി സംപ്രേഷണം ചെയ്യുന്നു. ഫേസ്ബുക്ക് പേജ് ഇപ്പോൾ തന്നെ ലൈക്ക് ചെയ്യുക. യുട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യുക.
മാസത്തിന്റെ എല്ലാ ചൊവ്വാഴ്ച്ചകളിലും
കൃപാസനം ശുശ്രൂഷയിലെ ദൈവാനുഗ്രഹങ്ങൾ ഇനി നിങ്ങൾക്കും സ്വന്തം. നിങ്ങൾ ചെയ്യേത് ഇത്രമാത്രം.
Like us on Facebook
Step 1: നിങ്ങളുടെ ഫേസ്ബുക്ക് അക്കൗ ഓപ്പൺ ചെയ്യുക., Step 2: ഇനി മുകളിൽ കാണുന്ന സേർച്ച് ബട്ടണിൽ FrVPJosephKreupasanam എന്ന് ടൈപ്പ് ചെയ്യുക., Step 3: ബഹു.ജോസഫ് അച്ചന്റെ പ്രൊഫൈൽ ഫോട്ടോയോടുകൂടി തെളിയുന്ന പേജിൽ ലൈക്ക് ബട്ടൺ ക്ലിക്ക് ചെയ്യുക.
ഈ സാക്ഷ്യങ്ങളുടെ വീഡിയോ കാണുന്നതിന്
Fr V.P Joseph Kreupasanam എന്ന യു ട്യൂബ് ചാനൽ സന്ദർശിക്കുക.
Step 1: നിങ്ങൾ യു ട്യൂബ് ഓപ്പൺ ചെയ്യുക. Step 2: ഇനി മുകളിൽ കാണുന്ന സേർച്ച് ബട്ടണിൽ Fr V.P Joseph Kreupasanam എന്ന് ടൈപ്പ് ചെയ്യുക., Step 3: കൃപാസനത്തിലെ ജീവൽ സാക്ഷ്യങ്ങൾ നിങ്ങൾക്ക് ദർശിക്കാം.
YouTube

# 2022 നവംബർ മാസം കൃപാസനം സ്ക്കൂൾ ഓഫ് ഫോക് ആർട്സ് പള്ളിത്തോടിന്റെ കലാകാരന്മാർ വിവിധ സ്ഥലങ്ങളിൽ ചവിട്ടുനാടകം അവതരിപ്പിച്ചു.




ആലപ്പുഴ രൂപതാ കോൾപിങ്ങ് സൊസൈറ്റിയുടെ രൂപതാ സമ്മേളനത്തിൽ ഭക്തമാർഅല്ലേശ് ചവിട്ടുനാടകം അവതരിപ്പിക്കുന്ന ജോസി കണ്ടക്കടവ്, റോസി തുറവൂർ തുടങ്ങിയവർ

2022 നവംബർ 6-ാം തീയതി ഞായറാഴ്ച്ച അർത്തുങ്കൽ പള്ളി അങ്കണത്തിൽ ആലപ്പുഴ രൂപതാ കോൾപിംങ്ങ് സൊസൈറ്റിയുടെ രൂപതാ സമ്മേളനത്തിൽ കൃപാസനം സ്ക്കൂൾ ഓഫ് ഫോക് ആർട്സിന്റെ നേതൃത്വത്തിൽ ചവിട്ടുനാടകം അവതരിപ്പിച്ചു. മലയാള ഭക്തി പ്രസ്ഥാന നടാകത്തിലെ എക്കാലത്തെയും മെഗാഹിറ്റ് ചവിട്ടുനാടകമായ ഭക്തമാർ അല്ലേശ് എന്ന നാടകത്തിലെ കനകാപുരം വാഴുന്ന സർദനൻ പ്രഭുവും അദ്ദേഹത്തിന്റെ പത്നി അന്ന പൂർണ്ണയും കൂടിയുള്ള രംഗമാണ് വേദിയിൽ അവതരിപ്പിച്ചത്. നിരവധി മതമേലദ്ധ്യക്ഷന്മാർ, രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക നേതാക്കന്മാർ, കോൾപിങ്ങ് സൊസൈറ്റി അംഗങ്ങൾ തുടങ്ങിയ വൻജനാവലിയുടെ മുന്നിൽ നാടകം അവതരിപ്പിച്ചു. ജോസി കൃപാസനം, റോസി തുറവൂർ എന്നിവരാണ് ചവിട്ടുനാടകം അവതരിപ്പിച്ചത്. സുരേഷ് കണ്ണമാലി, ജെൽബിൻ കാട്ടിപ്പറമ്പ്, സലിം കണ്ടക്കടവ് എന്നിവർ നാടക അവതരണത്തിന് നേതൃത്വം നൽകി.



ഫോർട്ടുകൊച്ചി വാസ്കോഡഗാമ സ്ക്വയറിൽ കൃപാസനം കലാകാരന്മാർ ചവിട്ടുനാടകം അവതരിപ്പിച്ചപ്പോൾ. സുരേഷ് കണ്ണമാലി, സെബിൻ എഴുപുന്ന, ലൈജു കണ്ണമാലി, ഷാജി എഴുപുന്ന, വിൻസൻ മറുവാക്കാട്, വിപിൻ ചെറിയകടവ്, അലക്സ് കെ.ജെ. എന്നിവർ വേദിയിൽ

2022 നവംബർ 8-ാം തീയതി ചൊവ്വാഴ്ച്ച ഫോർട്ട് കൊച്ചി വാസ്കോഡ ഗാമ സ്ക്വയറിൽ ഗ്രീൻപീസ് ഇൻഡ്യയുടെ നേതൃത്വത്തിൽ നടന്ന പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട ക്യാമ്പയിനിൽ മത്സ്യത്തൊഴിലാളികളുടെ കഥപറയുന്ന ജയക്കൊടി എന്ന ചവിട്ടുനാടകം അവതരിപ്പിച്ചു. ലോകമത്സ്യത്തൊഴിലാളി നേതാക്കൾ, ഗ്രീൻപീസ് ഇൻഡ്യയുടെ ദേശീയ സംഘടനാ ഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യം ചടങ്ങിന് മോടികൂട്ടി. ഫോർട്ട് കൊച്ചിയിലെ സായംസന്ധ്യയിൽ നിരവധി തദ്ദേശീയരും -വിദേശികളുമായ വലിയ ജനാവലിയുടെ മുൻപിൽ ആണ് ചവിട്ടുനാടകം അവതരിപ്പിക്കപ്പെട്ടത്. കാണികൾ നിറഞ്ഞ കയ്യടിയോടെ കലാകാരന്മാരെ പ്രോത്സാഹിപ്പിച്ചു. ചവിട്ടുനാടകത്തിന്റെ ഈറ്റില്ലമായ പശ്ചിമകൊച്ചിയിൽ ചരിത്രത്തിൽ ആദ്യമായാണ് മത്സ്യത്തൊഴിലാളികളുടെ കഥപറയുന്ന ചവിട്ടുനാടകം അരങ്ങേറിയത്. നാടകം കാണികൾക്ക് വേറിട്ട ഒരനുഭവം തന്നെ ആയിരുന്നു. റവ.ഡോ.ഫാ.വി.പി.ജോസഫ് രചനയും സംവിധാനവും നിർവ്വഹിച്ച നാടകത്തിൽ ഷാജി എഴുപുന്ന, വിപിൻ ചെറിയകടവ്, സെബിൻ എഴുപുന്ന, അലക്സ് സൗദി, വിൻസൻ മറുവാക്കാട്, ലൈജു കണ്ണമാലി, സുരേഷ് കണ്ണമാലി എന്നിവർ ചവിട്ടുനാടകത്തിൽ ദ്രുതതാള രാഗലയങ്ങളിൽ വേദിയിൽ നിറഞ്ഞാടി. കാണികളുടെ കണ്ണും മനസ്സും കവർന്ന പ്രകടനമായിരുന്നു കലാകാരന്മാരുടേത്. കൃപാസനം കൾച്ചറൽ സെക്രട്ടറി ജോസി കൃപാസനം, ശ്രീ.പി.ജെ.മൈക്കിൾ സൗദി, പി.എക്സ്.ജെയിംസ്, എ.എ.റാഫേൽ എന്നിവർ നാടക അവതരണത്തിന് നേതൃത്വം നൽകി.

**ജോസി കണ്ടക്കടവ്, കൾച്ചറൽ സെക്രട്ടറി**

*2 ാം പേജ് തുടർച്ച...*

# ഉടമ്പടി: ക്രിസ്തുവിനെ ലക്ഷ്യം വെയ്ക്കുന്ന പ്രാർത്ഥന


മാത്രമല്ല നടക്കുന്നത്. അടിയന്തിര കാര്യങ്ങളും നടക്കും. കാനായിലെ കല്യാണം എന്നു പറയുന്നത് അടിയന്തിര വിഷയമാണ്. കാനായിലെ കല്യാണവിഷയം എന്നു പറഞ്ഞാൽ ഒരു പത്തുമിനിറ്റ് കഴിഞ്ഞാൽ അവിടുത്തെ ആൾക്കാർ പോകും. വീഞ്ഞ് തീർന്നുപോയി. അത് അത്യാവശ്യമല്ല. അസാധ്യകാര്യവുമല്ല. കാര്യം അടുത്ത സ്ഥലത്ത് പോയി വായ്പ്പ വാങ്ങിച്ചാൽ മതി. അല്ലെങ്കിൽ അടുത്ത കടയിൽ പോയി കടം വാങ്ങിച്ചാൽ മതി. അപ്പോൾ വായ്പ്പ വാങ്ങിക്കുക, കടം വാങ്ങിക്കുക എന്നുള്ള പ്രൊവിഷൻസൊക്കെ അമ്മയ്ക്കറിയാം. പക്ഷെ അമ്മ നിൽക്കുമ്പോൾ നിങ്ങൾക്ക് വായ്പ്പ വാങ്ങിക്കേണ്ടി വരില്ല. അമ്മ നിങ്ങളുടെ വീട്ടിൽ ഉണ്ടെങ്കിൽ നിങ്ങൾക്ക് കടം വാങ്ങിക്കേണ്ടി വരില്ല. കാനായിലെ കല്യാണത്തിൽ ആ വിഷയം നിസ്സാരവിഷയമാണ്. അതുവേണമെങ്കിൽ അമ്മയ്ക്ക് പരിഹരിക്കാൻ അടുത്ത കടയിൽ പോയി കടം മേടിക്കാൻ പറഞ്ഞാൽ മതി. അല്ലെങ്കിൽ അടുത്ത വീട്ടിൽപോയി വായ്പ്പ വാങ്ങിക്കാൻ പറഞ്ഞാൽ മതി. പക്ഷെ അമ്മ നിൽക്കുമ്പോൾ നിന്നെ കണ്ടവന്റെ മുമ്പിൽ കൈ നീട്ടാൻ അനുവദിക്കത്തില്ല. ഏത് അമേരിക്കക്കാരനാണെന്ന് പറഞ്ഞാലും നമ്മൾ പറഞ്ഞ ഇംഗ്ലീഷ് മനസ്സിലാകത്തില്ലെന്നു പറഞ്ഞാലും അമ്മ ഇടപെട്ടു കഴിയുമ്പോൾ അവൻ ഇങ്ങോട്ട് ഇമെയിൽ വിടും. അതാണ് കാര്യം. ഇതെന്നുപറയുന്നത് നമ്മൾ വിചാരിക്കുന്നതും ചിന്തിക്കുന്നതുമായ വിഷയമല്ല. മത്താ.15:23-24ൽ നാം വായിക്കുന്നുണ്ട്. ശിഷ്യൻമാർ അവനോട് അഭ്യർത്ഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്ന് നിലവിളിക്കുന്നല്ലോ. അവൻ മറുപടി പറഞ്ഞു: ഇസ്രയേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേയ്ക്ക് മാത്രമാണ് ഞാൻ അയയയ്ക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ ശിഷ്യന്മാർ മൊത്തം ഇടപെട്ടിരിക്കുകയാണ് ആ കാനാൻകാരിയുടെ കാര്യത്തിൽ. അമ്മയാരാണെന്ന് നമ്മൾ മനസ്സിലാക്കുന്നത് അങ്ങനെയാണ്. വിശുദ്ധന്മാർ എല്ലാവരും അവിടെയുണ്ട്. പക്ഷെ അവിടെ അമ്മയാണ് നിന്നിരുന്നതെങ്കിൽ ഈശോ അത്രയും വർത്തമാനം പറയത്തില്ലായിരുന്നു. വർത്തമാനം പറഞ്ഞാൽപോലും കർത്താവ് അത് അമ്മയുടെ വാക്ക് മാനിച്ചുകൊണ്ട് ചെയ്തുകൊടുക്കും. മരിയൻ മീഡിയേഷന്റെ ഒരു പ്രത്യേകത അതാണ്. അപ്പോൾ നിങ്ങൾ ചോദിക്കും. അപ്പസ്തോലന്മാരെയെല്ലാം ഈശോ വിളിച്ചതല്ലേ. പിന്നെ അവരുടെ വാക്കിനെന്താണ് ഈശോ വില കൽപ്പിക്കാത്തത്. ക്ലെയിം ആന്റ് കപ്പാസിറ്റിയുടെ വിഷയമാണിത്. നമ്മൾ ദൈവത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ നമ്മുടെ വിശ്വാസത്തിന്റെ കപ്പാസിറ്റി പരിശോധിക്കണം. നമ്മുടെ കപ്പാസിറ്റി എന്നു പറയുന്നത് നമ്മുടെ ക്ലെയിം ആണ്. നീ ദൈവതിരുസന്നിധിയിൽ നിൽക്കുമ്പോൾ നിന്റെ കപ്പാസിറ്റിയെക്കുറിച്ച് വ്യക്തത വേണം. എന്റെ മക്കളേ ക്രിസ്തീയജീവിതം അത്ര നിസ്സാരമല്ല. ഇതിന്റെ മോട്ടോ എന്നു പറയുന്നത് നിത്യതയായതുകാരണം നല്ല പെയ്മെന്റ് കൊടുക്കേണ്ടി വരും. 1 കോറി.6:20 "നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ". അതായത് നമ്മളെ കർത്താവിന്റെ വിശുദ്ധമായ രക്തത്താൽ ദൈവം അവന്റെ ജീവൻ ചൊരിഞ്ഞ് സഹനത്തിലൂടെ വിലയ്ക്കുവാങ്ങിയതാണ്. അതുകൊണ്ട് നമ്മളും ദൈവത്തെ വിലയ്ക്ക് വാങ്ങേണ്ടി വരും. 1 കോറി.7:23 "നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്; നിങ്ങൾ മനുഷ്യരുടെ അടിമകളായി തീരരുത്". അതായത് നമ്മളെ ദൈവം അവിടുത്തെ വിശുദ്ധമായ രക്തത്താൽ വിലക്കു വാങ്ങിയതാണ്. അതുകൊണ്ട്തന്നെ ആ ദൈവത്തെ സ്വന്തമാക്കണമെങ്കിൽ കൃപയിൽ വളരാൻ, കപ്പാസിറ്റി വർദ്ധിപ്പിക്കാൻ പെയ്മെന്റ് ചെയ്യണം. പെയ്മെന്റ് എന്ന് പറയുന്നതെന്താണ്? അതിൽ വിശ്വാസമുണ്ട്, പ്രത്യാശയുണ്ട്, ദൈവസ്നേഹമുണ്ട്. ആങ്ങള വിദേശത്തുനിന്ന് വന്നതുകാരണം ഞായറാഴ്ച്ച കുർബ്ബാന മുടക്കി ആങ്ങളയുടെ കൂടെനിന്ന് അവന് ഭക്ഷണം കൊടുക്കണോ അതോ പള്ളിയിൽ പോണോ എന്നത് ഒരു തീരുമാനത്തിന്റെ വിഷയമാണ്. പെങ്ങൾ കർത്താവിനെ സെക്കന്റ് ഒപ്ഷൻ ആക്കിയിട്ട് ആങ്ങളയെ ഒന്നാമത്തെ ഒപ്ഷൻ ആക്കിയെടുത്താൽ അതോടുകൂടി പെങ്ങളുടെ കാര്യത്തിൽ തീരുമാനമാകും. കപ്പാസിറ്റി പോകും. ഉടമ്പടി എന്നു പറയുന്നത് നമുക്ക് കപ്പാസിറ്റി ഉണ്ടാക്കുന്നതാണ്. ഈ കപ്പാസിറ്റിയാണ് നമ്മുടെ ക്ലെയിമിന്റെ ആധാരം. നിങ്ങൾ ക്രിസ്തുവിൽ വളരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ കപ്പ, കഞ്ഞി, IELTS, വീടുവെപ്പ് തുടങ്ങി സിമിത്തേരിവരെ മാത്രമുള്ള കാര്യങ്ങൾ ലക്ഷ്യം വെയ്ക്കരുത്. നിത്യതയാണ് ഉടമ്പടിയുടെ ആത്യന്തികമായ ലക്ഷ്യം. അങ്ങനെ വരുമ്പോൾ നമ്മൾ എപ്പോഴും ശ്രദ്ധിക്കേണ്ട വിഷയം, അതായത് നമ്മുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ നോക്കണം. നമ്മളെ വിലയ്ക്കുവാങ്ങുമ്പോൾ സ്വാഭാവികമായിട്ടും നമ്മളും പെയ്മെന്റ് കൊടുക്കാൻ ബാദ്ധ്യസ്തരാണ്. പെയ്മെന്റ് നമുക്ക് എങ്ങനെയെല്ലാം കൊടുക്കാൻ പറ്റും അതാണ് നമ്മുടെ കപ്പാസിറ്റി എന്നു പറയുന്നത്. വിശ്വാസം നമ്മുടെ പെയ്മെന്റ് ആണ്. അപ്പ.പ്രവ.26:7 "ഞങ്ങളുടെ പന്ത്രണ്ട് ഗോത്രങ്ങളും രാത്രിയും പകലും തീക്ഷ്ണതയോടെ ആരാധനയർപ്പിച്ചുകൊണ്ട് ഈ വാഗ്ദാനം പ്രാപിക്കാമെന്ന് പ്രത്യാശിക്കുന്നു". വാഗ്ദാനം പ്രാപിക്കാൻവേണ്ടി യഹൂദജനത രാവും പകലും ആരാധന നടത്തി. അതിനകത്ത് വിശ്വാസമുണ്ട്, പ്രത്യാശയുണ്ട്, ദീർഘക്ഷമയുണ്ട്. നിത്യത നിയോഗമായിട്ട് വരുന്ന വിഷയങ്ങൾക്ക് ദീർഘക്ഷമ വേണം.

ഉടമ്പടി നിങ്ങളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കും. നിന്റെ പിതാവിൽ നിന്ന് നിനക്ക് ഓഹരി കുറഞ്ഞുപോയാൽ നിന്റെ അമ്മായപ്പനിൽനിന്ന് നിനക്ക് ഓഹരി കുറഞ്ഞുപോയാൽ വിശ്വസിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകത്തില്ലെന്നാണ് സങ്കീർത്തകൻ പറയുന്നത്. എല്ലാ കുറവുകളും ഉള്ള ഒരു മനുഷ്യനാണ് അത് പറഞ്ഞത്. കർത്താവ് എന്റെ ഇടയനാകുന്നു എനിക്കൊന്നിനും കുറവുണ്ടാകത്തില്ലെന്ന്. സാമുവൽ അഭിഷേകതൈലവുമായിട്ട് വരുമ്പോൾ ജെസ്സെ ഓരോ മക്കളെ പിടിച്ച് നിർത്തുമ്പോൾ അവനല്ല അവനല്ല എന്ന് സാമുവൽ പ്രവാചകൻ പറഞ്ഞുകൊണ്ടിരിക്കും. പിന്നെ നിനക്ക് ഇത്രേം മക്കളേ ഉള്ളോ എന്ന് ചോദിക്കുമ്പോൾ ആട്മേയ്ക്കാൻ പോയിരുന്ന ദാവീദിനെ വിളിക്കും. അവൻ വരുമ്പോൾ ആത്മാവ് പറയും ഇവനാണ് അവൻ (1സാമുവൽ 16:12) അവന്റെ തലയിലേയ്ക്ക് അഭിഷേകതൈലം ഒഴിക്കും. ആ ദാവീദാണ് എഴുതിയിരിക്കുന്നത് കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. എനിക്ക് കുറേ കുറവ് കണ്ടായിരുന്നു. അതുകൊണ്ട് അപ്പൻ എന്നെ വീട്ടിൽ നിർത്തിയിട്ടില്ല. ഒരിക്കൽ സാവൂൾ നിനക്ക് യുദ്ധം ചെയ്ത് വല്ല പരിചയവുമുണ്ടോയെന്ന് ചോദിക്കുമ്പോൾ എനിക്കതൊരു കുറവാണ്. എന്റെ അപ്പൻ എന്നെ യുദ്ധമൊന്നും പഠിപ്പിച്ചിട്ടില്ല. അപ്പോൾ ഈ ഫിലിസ്ത്യരെ നീ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്ന് ചോദിക്കുമ്പോൾ ദാവീദ് പറയും അത് കരടിയും സിംഹവുമൊക്കെ ആടിനെ ആക്രമിക്കാൻ വരുമ്പോൾ കാലിൽ പിടിച്ച് നിലത്തടിച്ചിട്ടുണ്ട് എന്ന് (1സാമുവൽ17:35). സാവൂൾ ഒരു പൂച്ചയെപ്പോലും കൊന്നിട്ടില്ല. അപ്പോഴാണ് ഒരുത്തൻ വന്ന് പറയുന്നത് ഞാൻ സിംഹത്തെ കൊന്നിട്ടുണ്ടെന്ന്. മനുഷ്യരുടെ മുമ്പിൽ എല്ലാ കുറവുകളും ഉള്ള ആളാണ്. യുദ്ധം പഠിച്ചിട്ടില്ല. അതുകൊണ്ട് ഗോലിയാത്തിനെ കാണുമ്പോൾ എന്താണ് പറയുന്നത്. നീ നിന്റെ വാളിലും കുന്തത്തിലുമൊക്കെയാണ് ആശ്രയിക്കുന്നത്. ഞാൻ എന്റെ ദൈവമായ കർത്താവിലാണ് ആശ്രയിക്കുന്നത് (1സാമുവൽ 17:45) ദൈവം ആരാണെന്ന് അവനറിയാം. കുറച്ച് തെറ്റുകൾ ഒക്കെ സ്വന്തം ശരീരത്തിന്റെ പാരവശ്യങ്ങൾകൊണ്ട് ഉണ്ടായിപ്പോയിട്ടുണ്ടെങ്കിലും ദൈവം അവനെ കൈവിട്ടു കളഞ്ഞിട്ടില്ല. അവൻ എഴുതിവെച്ചിരിക്കുന്നത് എനിക്ക് എല്ലാ കുറവുമുണ്ട്. പക്ഷെ കർത്താവ് എന്റെ ഇടയനായതുകാരണം ഈ കുറവൊന്നും ഞാൻ അംഗീകരിക്കത്തില്ലെന്ന്. എനിക്ക് കുറവൊക്കെയുണ്ട് പക്ഷെ ഞാൻ അംഗീകരിക്കത്തില്ല. കാരണം എല്ലാ കുറവും നികത്തുന്നവനാണ് എന്റെ കർത്താവ്. ഇതാണ് ദൈവപൈതലെ ഇല്ലായ്മക്കാരന്റെ ഒരു വിശ്വാസമെന്ന് പറയുന്നത്. അവന് ആരോഗ്യമില്ല, സൗന്ദര്യമില്ല, അവന് പെർഫോമൻസ് ഇല്ല, പ്രൊഫിഷ്യൻസി ഇല്ല, കപ്പാസിറ്റി ഇല്ല, പ്രൊഫഷണലിസമില്ല, ദാവീദ് പക്ഷെ ഇത് അംഗീകരിക്കുന്നില്ല. അവന് കർത്താവ് ഉള്ളപ്പോൾ എല്ലാമുണ്ടെന്നാണ് പറയുന്നത്. ഇതാണ് നിലപാടെന്ന് പറയുന്നത്. നിന്റെ വീട്ടിലെ ഓരോ ഇല്ലായ്മകൾ, അവർ തന്നില്ല, ഇവർ തന്നില്ല അവർ അന്ന് എന്നെ കേറ്റിവിട്ടിരുന്നെങ്കിൽ ഇന്ന് ഞാൻ എവിടുരുന്നേനെ, അയാളെയാണ് കെട്ടിയിരുന്നെങ്കിൽ ഇന്ന് എന്ത് മെച്ചമുണ്ടായേനെ ഇങ്ങനെ കഴിഞ്ഞകാല സംഭവും വരാൻ പോകുന്ന സംഭവവും ഓർത്തുകൊണ്ട് നിരാശയും വേദനയും ദൈവത്തെ മറന്നുള്ള സംസാരവും ഉടമ്പടിയോടുകൂടി നീ അവസാനിപ്പിക്കണം.നിനക്ക് എല്ലാം നേടാൻവേണ്ടി ദൈവം നിനക്ക് ഒരു അവസരം തന്നിരിക്കുകയാണ്. നിന്റെ ദൈവം മാത്രം എന്നുപറഞ്ഞ് ജീവിക്കാൻ നിനക്ക് കൃപ കിട്ടട്ടെ എന്ന് അച്ചൻ പ്രാർത്ഥിക്കുന്നു.

ദാവീദിന്റെ കപ്പാസിറ്റി എന്നു പറയുന്നതെന്താണ്.അവനെ യുദ്ധം പഠിപ്പിച്ചിട്ടില്ല. കർത്താവ് അവനെ യുദ്ധം പഠിപ്പിക്കും. സിംഹങ്ങളെ തല്ലിക്കൊല്ലുന്നത് അവന്റെ നിലനിൽപ്പിന്റെ ആവശ്യമാണ്. നിലനിൽപ്പിന്റെ ഒരാവശ്യമായിട്ട് സങ്കടങ്ങളേയും ക്ലേശങ്ങളെയും പ്രതിരോധിക്കേണ്ട ഒരവസ്ഥയിൽ കർത്താവ് യുദ്ധം പഠിപ്പിക്കുകയാണെന്നുള്ള ബോധം ദാവീദിനുണ്ടായിരുന്നതുകൊണ്ട് യുദ്ധം പഠിച്ച ചേട്ടന്മാരെക്കാളും അവൻ വലിയവനാകുന്നുണ്ട്. കർത്താവ് എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല. 1 സാമു.17:45 -"ദാവീദ് പ്രതിവചിച്ചു: വാളും കുന്തവും ചാട്ടുളിയുമായി നീ എന്നെ നേരിടാൻ വരുന്നു. ഞാനാകട്ടെ നീ നിന്ദിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ് വരുന്നത്". കർത്താവിന്റെ നാമത്തിൽ അതാണ് എന്റെ കപ്പാസിറ്റി എന്നു പറയുന്നത്. അതുതന്നെയാണ് പത്രോസും പറയുന്നത് പൊന്നും വെള്ളിയും എന്റെ കൈയ്യിൽ ഇല്ലെന്ന്. കർത്താവായ യേശുവിന്റെ നാമത്തിൽ നീ എഴുന്നേറ്റ് നടക്കുക. ഇതിന്റെ ക്ലെയിം എന്നു പറയുന്നതെന്താണ്. ദൈവത്തിന്റെ നാമമാണ്. ദൈവത്തിന്റെ നാമത്തിനും മഹത്വത്തിനുംവേണ്ടി നമ്മൾ ജീവിച്ചതെല്ലാം നമ്മുടെ സാക്ഷ്യങ്ങളെല്ലാം നമ്മുടെ കപ്പാസിറ്റിയാണ്. നമ്മുടെ കപ്പാസിറ്റി തന്നെയാണ് നമ്മുടെ ക്ലെയിം എന്നു പറയുന്നത്. ക്ലെയിം ഇല്ലാതെ ഒരു ക്രിസ്ത്യാനിയായിട്ട് നമുക്ക് പുലരാൻ പറ്റത്തില്ല. ദൈവത്തിന്റെ തിരുസന്നിധിയിൽ വരുമ്പോൾ നീ കപ്പാസിറ്റി ഉള്ളവനായിരിക്കണം. ദാവീദിനെപ്പോലെ പറയാൻ കഴിയണം ഞാൻ സിംഹങ്ങളെ കൊന്നിട്ടുണ്ടെന്ന് പറയണം. പക്ഷെ ആരാണ് കൊന്നതെന്ന് ദാവീദിനറിയാം. ദാവീദ് കർത്താവിൽ വിശ്വസിച്ചു, കർത്താവിൽ പ്രത്യാശിച്ചു. ദീർഘക്ഷമയോടെ കർത്താവിന്റെ പ്രവർത്തനങ്ങളെ കാത്തിരുന്നു. ചില കാര്യങ്ങൾ ഇത്തിരി താമസിക്കുന്നെങ്കിൽ അതിന് ദീർഘക്ഷമ വേണം. ഹെബ്രാ.6:15 - "അബ്രഹാം ദീർഘക്ഷമയോടെ കാത്തിരുന്ന് ഈ വാഗ്ദാനം പ്രാപിച്ചു". വാഗ്ദാനം പ്രാപിക്കാൻ ദീർഘക്ഷമ ആവശ്യമാണ്. ചില വിഷയങ്ങൾക്ക് ദീർഘക്ഷമ വേണം, പ്രത്യാശ വേണം. ആ സംഭവം മച്വർ ആയി വരണമെങ്കിൽ ഇത്തിരി സമയം എടുക്കും. ആ സമയം ഓടുന്ന വണ്ടിയിൽ കിടന്ന് ഓടി വ്യഗ്രത കാണിച്ച് നമ്മുടെ ആദ്ധ്യാത്മിക പാപ്പരത്വം കർത്താവിനെ ബോധ്യപ്പെടുത്തി അവസാനം പണി മേടിക്കാതിരിക്കാൻ നോക്കണം. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച് കാത്തിരിക്കണം. എപ്പോഴായാലും അത് നിറവേറും. അബ്രഹാം കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച് ദീർഘക്ഷമയോടെ കാത്തിരുന്നു. ചില കാര്യങ്ങൾ നമ്മൾ പ്രത്യാശിച്ച് കാത്തിരുന്ന് പ്രാപിക്കേണ്ട വിഷയമാണ്. വിശ്വാസം, പ്രത്യാശ, ദീർഘക്ഷമ ഇതെല്ലാം ഉടമ്പടിവഴി വാഗ്ദാനം പ്രാപിക്കാൻ നമുക്കാവശ്യമായ മനോഗുണങ്ങളാണ്. ഈ പുണ്യങ്ങളിൽ വളരാൻ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ.

**ഡോ.വി.പി.അച്ചൻ,**
**കൃപാസനം**


## എന്റെയൊരു മുസ്ലീം സുഹൃത്താണ് എന്നെ ഇവിടെക്കൊണ്ടുവന്ന് ഉടമ്പടിയെടുപ്പിച്ചത്.



ഞാൻ OET എക്സാം 3 പ്രാവശ്യം അറ്റൻഡ് ചെയ്തിട്ടും പാസ്സായില്ല. എന്റെ ഒരു മുസ്ലീം സുഹൃത്ത് വഴി ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് ബഹു.ജോസഫച്ചനെ കണ്ട് പ്രാർത്ഥിച്ചു. നാലാമത്തെ എക്സാം എഴുതിയപ്പോൾ ലിസണിംഗ് വലിയ ബുദ്ധിമുട്ടായിരുന്നു. ഞാൻ ഉടമ്പടി ഉപ്പ് പരീക്ഷാ സെന്ററിലെ ഒരു മരത്തിന്റെ സൈഡിൽ ആരും ചവിട്ടാത്ത സ്ഥലത്ത് ഇട്ട് ഇത് എന്റെ നാലാമത്തെ സെന്റർ ആണ്. ഇനി ഒരു സെന്ററിൽ കയറാൻ എന്നെ ഇടയാക്കരുത് എന്ന് പ്രാർത്ഥിക്കുകയും ഉടമ്പടി നേർച്ചവസ്തുക്കൾ ഉപയോഗിച്ചതിന്റെയും ഫലമായി അത്ഭുതകരമായി ഞാൻ എക്സാം പാസായി.

**അനു, പുല്ലൂരി, പെരുമ്പാവൂർ**

## കസ്റ്റ്യൻ വായിക്കുമ്പോൾ തന്നെ ഓട്ടോമാറ്റിക്കലായി ഉത്തരം വന്നുകൊണ്ടിരിക്കുന്ന ഒരു ബി.ടെക് എൻജിനീയറുടെ ഉടമ്പടി സാക്ഷ്യം



ഞാൻ ബി.ടെക്.സിവിൽ എൻജിനീയറിംഗിന് പഠിക്കുന്ന സമയത്ത് സെക്കന്റ് ഇയറിലെ പേപ്പർ സപ്ലി വരികയും തേർഡ് ഇയറിലും ഫോർത്ത് ഇയറിലും എഴുതിയിട്ടും കിട്ടിയില്ല. എന്റെ ആന്റികൃപാസനം മാതാവിന്റെ ഒരു കാശുരൂപം തരികയും അതു വെച്ച് ഞാൻ പഠിക്കാൻ തുടങ്ങി. അതുകഴിഞ്ഞ് എക്സാം എഴുതിയപ്പോൾ എനിക്ക് കസ്റ്റ്യൻ വായിക്കുമ്പോൾ തന്നെ ഓട്ടോമാറ്റിക് ആയിട്ട് ഉത്തരം വന്നുകൊണ്ടിരുന്നു. അത് മാതാവിന്റെ വലിയൊരു അത്ഭുതമായിരുന്നു. അതിനുശേഷം ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുക്കുകയും ബി പ്ലസ് ഗ്രേഡ് കിട്ടി പാസ്സായി. കൂടാതെ ജർമ്മനിയിൽ പബ്ലിക് യൂണിവേഴ്സിറ്റിയിൽ പഠിക്കാനുള്ള ഓഫർ ലെറ്ററും വന്നു.

**വർഗീസ്, കാക്കനാട്**


## 11 കോടിയുടെ കടം കൊണ്ട് പൊറുതി മുട്ടിയ ഞാൻ എപ്പോഴും സാക്ഷ്യങ്ങൾ കാണാനും ഷെയർ ചെയ്യാനും തുടങ്ങി. പിന്നെ സംഭവിച്ചത്!



എന്റെ ഭർത്താവും ചേച്ചിയുടെ ഭർത്താവുമായി 2020ൽ പാർട്ട്ണർഷിപ്പ് ബിസിനസ് പിരിയുകയുണ്ടായി. ചേച്ചിക്ക് 11 കോടി രൂപയാണ് ഞങ്ങൾ കൊടുക്കേണ്ടിയിരുന്നത്. അതെങ്ങനെ കൊടുക്കുമെന്നറിയാതെ വിഷമിച്ച് ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചശേഷം കാശുരൂപവുമായി ചെന്ന് ഒരു വർഷത്തിനുള്ളിൽ 4 തവണകളായി പൈസ തരാമെന്ന് പറയുകയും അവർ അത് സമ്മതിക്കുകയും ചെയ്തു. 3 ഗഡുവും കൊടുക്കാൻ സാധിച്ചു. പക്ഷെ നാലാമത്തെ ഗഡു കൊടുക്കാൻ ഒരു മാർഗ്ഗവും ഇല്ലാതായപ്പോൾ ഞാൻ കൃപാസനത്തിലെ സാക്ഷ്യങ്ങൾ കാണാനും ഷെയർ ചെയ്യാനും തുടങ്ങി. ആ സമയത്ത് കൊറോണകാലത്ത് ജോലി ചെയ്ത നഴ്സുമാർക്കുള്ള കൊറോണമണി കിട്ടുകയും ആ തുക കൊണ്ട് നാലാമത്തെ ഗഡു അടയ്ക്കാനും പരി.അമ്മ സഹായിച്ചു.

**ഡയാനാ, നോർത്ത് പറവൂർ,**

## ഉടമ്പടിയിലൂടെ പുതിയ ജീവിതവഴികൾ തുറന്നുകിട്ടിയ സാക്ഷ്യം



എന്റെ മകൻ അമേരിക്കയിൽ എൻജിനീയറിംഗിന് പഠിക്കണമെന്ന് ആഗ്രഹിച്ചെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു മൂലം അതിനു കഴിഞ്ഞില്ല. ഞാൻ കൃപാസനത്തിൽ ഉടമ്പടി എടുത്ത് നിയോഗം വെച്ച് പ്രാർത്ഥിച്ചു. ഇന്റർവ്യൂവിന് ഉടമ്പടി കാശുരൂപവും കൊണ്ടുപോയിരുന്നു. അതിന്റെ ഫലമായി സ്കോളർഷിപ്പോടെ പഠിക്കാൻ നല്ലൊരു കോളേജിൽ മാതാവ് അഡ്മിഷൻ ശരിയാക്കി തന്നു. കൂടാതെ ഭർത്താവ് ഒരു പ്രൈവറ്റ് കമ്പനിയിൽ സെക്ഷൻ ഇൻചാർജ്ജ് ആയി ജോലി ചെയ്തിരുന്നു. വേറെ വരുമാനം ഇല്ലാഞ്ഞതിനാൽ ഭർത്താവിന് റിട്ടയർമെന്റ് കഴിഞ്ഞ് ജോലി കണ്ടിന്യൂ ചെയ്യാനുള്ള അവസരത്തിനുവേണ്ടി നിയോഗം വെച്ചതിന്റെ ഫലമായി പ്രൊമോഷനോടെ ജോലി പുതുക്കി കൊടുത്ത് പരി.അമ്മ അനുഗ്രഹിച്ചു.

**ഷൈജ ജോസ്, നെല്ലിശ്ശേരി ഹൗസ്, കാട്ടുങ്ങച്ചിറ, ഇരിഞ്ഞാലക്കുട, തൃശൂർ**

## ഡിസ്ക്കുകൾ അകന്ന വ്യക്തിയെ ഉടമ്പടിയിലൂടെ അമ്മ സുഖപ്പെടുത്തിയ സാക്ഷ്യം



എനിക്ക് 9 മാസം മുമ്പ് കഴുത്തിന് ഒരു വേദന ഉണ്ടായി. ശരീരം തളർച്ചയും പനിയുമായി ഡോക്ടറെ കണ്ടപ്പോൾ കോവിഡിന്റെ സെക്കന്റ് ഡോസിന്റെ റിയാക്ഷനാണെന്നും കുഴപ്പമില്ല രണ്ടാഴ്ച്ചയ്ക്കകം മാറിക്കൊള്ളും എന്നും പറഞ്ഞു. രണ്ടാഴ്ച്ച കഴിഞ്ഞിട്ടും മാറ്റമൊന്നുമില്ലാതെ ഒരു ജോലിയും ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ വീണ്ടും ഹോസ്പ്പിറ്റലിൽ പോയി സ്കാൻ ചെയ്തപ്പോൾ ഡിസ്ക്കുകൾ നീങ്ങിയതാണ് കഴുത്തിന്റെ വേദനയ്ക്ക് കാരണം എന്നു പറഞ്ഞു. പല ഡോക്ടേഴ്സിനെയും മാറിമാറിക്കണ്ടു പല മരുന്നുകളും കഴിച്ചിട്ടും കുറവില്ലാതായപ്പോൾ ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണസൗഖ്യം ലഭിച്ചു.

**ശാലിനി, ശാലിനി വിലാസം, നരുവാമൂട്, തിരുവനന്തപുരം**


## ഉടമ്പടി: എന്റെ കൈയ്യിൽനിന്നും പേപ്പർ പോയി, ബാക്കി അമ്മ മാതാവ് കംപ്ലീറ്റ് ചെയ്യണമെന്ന് പറഞ്ഞു. OET പരീക്ഷ അത്ഭുതകരമായി പാസ്സായി.



എനിക്ക് OET പരീക്ഷയ്ക്ക് ഡെയ്റ്റ് എടുത്തതുമുതൽ അതിഭയങ്കരമായ പേടികാരണം ഉറങ്ങുവാനോ പഠിക്കുവാനോ സാധിച്ചിരുന്നില്ല. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചു. എക്സാമിന് ഓഡിയോ കേട്ടപ്പോൾ എല്ലാം ചെയ്തുപോയി അവസാനം ഷെയ്ഡ് ചെയ്യാമെന്ന് വിചാരിച്ചു. എല്ലാം ഷെയ്ഡ് ചെയ്തു തീരുന്നതിനുമുമ്പേ എന്റെ പേപ്പർ വാങ്ങിക്കൊണ്ടുപോയി. ഞാൻ മാതാവിനോട് എന്റെ കൈയ്യിൽനിന്നും പേപ്പർ പോയി പക്ഷെ അമ്മയുടെ കൈയ്യിൽ സുരക്ഷിതമാണ് അവിടുന്ന് ബാക്കി കംപ്ലീറ്റ് ചെയ്യണമെന്ന് പറഞ്ഞു മാതാവിന്റെ കൈയ്യിൽ ഏൽപ്പിച്ചു. എന്റെ കഴുത്തിലെ കാശുരൂപം കണ്ടിട്ട് ഇന്റർലൊക്കേറ്റർ കൃപാസനത്തിൽ ഉടമ്പടി എടുത്തിട്ടുണ്ടോ എന്ന് ചോദിക്കുകയും ഞാനും മാതാവിൽ വിശ്വസിക്കുന്ന ആളാണ് പേടിക്കേണ്ട തീർച്ചയായും ലഭിക്കും എന്നു പറഞ്ഞു. ഏറ്റവും കൂടുതൽ മാർക്ക് ലിസണിംഗിന് നൽകി പരി.അമ്മ എനിക്ക് വിജയം നൽകി.

**അൻജു തോമസ്, കൂരാൻ ഹൗസ്, നെടുവന്നൂർ, ചൊവ്വര, എറണാകുളം**


## വിശദീകരിക്കാൻ പറ്റാത്ത ഒരു സൂപ്പർ സാക്ഷ്യം



എനിക്ക് ജർമ്മനിയിൽ പബ്ലിക് യൂണിവേഴ്സിറ്റിയിൽ മാസ്റ്റേഴ്സ് കിട്ടുന്നതിനുവേണ്ടി അപേക്ഷിച്ചിരുന്നു. വിസ പ്രോസസിംഗ് തുടങ്ങി ഒരാഴ്ച്ച കഴിഞ്ഞ് ഏജന്റ് വിളിച്ചിട്ട് നിങ്ങളുടെ വിസ റിജക്ട് ആകാൻ ചാൻസുണ്ടെന്ന് പറഞ്ഞു. കാരണം ജർമ്മൻ കോൺസുലേറ്റ് IELTS കംപൽസറി ആക്കി എന്ന്. കൃപാസനത്തെക്കുറിച്ച് തീരെ വിശ്വാസമില്ലാതിരുന്ന ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി അത്ഭുതകരമായി എല്ലാ തടസ്സങ്ങളും നീങ്ങി എന്റെ വിസ വന്നു. പരി.അമ്മയ്ക്ക് നന്ദി.

**മരിയ, തൃശൂർ**

## ഡോക്ടർ എബിന്റെ ഈ സാക്ഷ്യം ആരെയും ചിന്തിപ്പിക്കും



എനിക്ക് 3 വർഷമായിട്ട് വിവാഹ തടസ്സം ആയിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു. ഉടമ്പടി നിബന്ധനകൾ വിശ്വസ്തതയോടെ പാലിച്ചതിന്റെ ഫലമായി ഒരുമാസത്തിനുള്ളിൽ ദൈവഭക്തിയുള്ള കുടുംബത്തിൽ നിന്ന് എനിക്ക് വിവാഹ ആലോചന വരികയും വിവാഹം നല്ലരീതിയിൽ നടക്കുകയും ചെയ്തു.

**ഡോ.എബിൻ, എറണാകുളം**

## ഉടമ്പടിയിൽ സർജറി നീങ്ങിപ്പോയ സാക്ഷ്യം



എന്റെ വലതുവശത്തെ ഓവറിയിൽ 7 സെ.മീ. ഉള്ള ഒരു സിസ്റ്റ് ഉണ്ടായിരുന്നു. ഡോക്ടറെ കണ്ടപ്പോൾ അത് നീക്കം ചെയ്യണമെന്നും എന്റെ ഓവറി ഫുൾ ആയി എടുത്തു കളയേണ്ടി വരുമെന്നും പറഞ്ഞു. 8 ഡോക്ടേഴ്സിനെ കൺസൾട്ട് ചെയ്തപ്പോഴും എല്ലാവരും അതുതന്നെ പറഞ്ഞു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചു. ഒരാഴ്ച്ച കഴിഞ്ഞ് എം.ആർ.ഐ. സ്കാൻ ചെയ്തു. റിസൾട്ടിൽ എന്റെ ഓവറിയ്ക്ക് ഒരു കുഴപ്പവും ഇല്ലെന്നും സർജറി വേണ്ടെന്നും പറഞ്ഞു.

**അൻവിത അന്നാ, കുളത്തിനാൽ ഹൗസ്, ചങ്ങനാശ്ശേരി**

## ലൈറ്റ് എ ക്യാൻഡിൽ: ഉടനടി അമ്മ ഇടപെട്ട സാക്ഷ്യം



എനിക്ക് 8 വർഷമായി വിസ ശരിയാകുന്നില്ലായിരുന്നു. ഞാൻ കൃപാസനത്തിലെ ലൈറ്റ് എ ക്യാൻഡിൽ ഇട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി പിറ്റേദിവസം എനിക്ക് വിസയുടെ അപ്പോയ്ന്റ്മെന്റ് വരികയും തടസ്സങ്ങൾ എല്ലാം അമ്മ മാതാവ് മാറ്റിത്തരികയും ചെയ്തു. കൂടാതെ എന്റെ ചേച്ചിയുടെ അനിയൻ ക്രിട്ടിക്കൽ ആയി ഹോസ്പ്പിറ്റലിൽ ആയിരുന്നു. മരിക്കും എന്നു പറഞ്ഞിരുന്നു. ജീവിത്തിലേയ്ക്ക് തിരിച്ചുവന്നാൽ അമ്മയുടെ സന്നിധിയിൽ കൊണ്ടുവരാം എന്നു നേർന്ന തിന്റെ ഫലമായി ആ മകന് സൗഖ്യം ലഭിച്ചു.

**സീന ഡെന്നി,പള്ളേത്തട്ടി ഹൗസ്, അങ്കമാലി, എറണാകുളം**

## ഉടമ്പടി: ഉടനടി തടസ്സങ്ങൾ നീങ്ങിയ സാക്ഷ്യം



ഞങ്ങളുടെ ബിസിനസ് സംരംഭത്തിന് പൊലൂഷൻ പ്പേറും, ലൈസൻസും, കെട്ടിട നമ്പറും, ഇല്ലായിരുന്നു. അതിനാൽ സ്റ്റേ ഓർഡർ വന്നു. അതിനുവേണ്ടി ശ്രമിച്ചെങ്കിലും വലിയ തടസ്സങ്ങളായിരുന്നു. ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി കെട്ടിട നമ്പറും പൊലൂഷൻ പേപ്പറും, ലൈസൻസും തന്ന് സ്ഥാപനം പുനരാരംഭിക്കാൻ മാതാവ് കൂടെ വന്ന് ഞങ്ങളെ സഹായിച്ചു.

**ജയ്മോൾ റോയി, പ്ലാംകുഴിയിൽ, രാമമംഗലം, എറണാകുളം**

## 10 വർഷമായി മക്കളില്ല. ഉടമ്പടി എടുത്തപ്പോൾ രണ്ടു കുഞ്ഞുങ്ങളെ നൽകി പരി.അമ്മ അനുഗ്രഹിച്ചു.



എന്റെ വിവാഹം കഴിഞ്ഞ് 10 വർഷമായിട്ടും ഞങ്ങൾക്ക് കുഞ്ഞുങ്ങൾ ഇല്ലായിരുന്നു. കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് ഇരട്ടക്കുഞ്ഞുങ്ങളെ നൽകി പരി. അമ്മ അനുഗ്രഹിച്ചു. കൂടാതെ ഞങ്ങൾക്ക് സ്വന്തമായി ഒരു ഭവനം ഇല്ലായിരുന്നു. ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി ഒരു ഭവനം നൽകി പരി.അമ്മ അനുഗ്രഹിച്ചു.

**ജിൻസി രാജേഷ്, വടക്കൻ പറമ്പ്, പാതിരപ്പള്ളി**

## ഉടമ്പടി ആരാധനയിലെ വ്യത്യസ്തമായ ഒരു രോഗസൗഖ്യം



എന്റെ കാലിൽ ഇരുപത്തിയഞ്ചോളം ആണികൾ ഉണ്ടായിരുന്നു. എനിക്ക് നടക്കാൻ പോലും പറ്റാതെ വിഷമിച്ച അവസ്ഥയിൽ ഓൺലൈൻ ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി കാലിലെ ആണികൾ അമ്മ മാതാവ് മാറ്റിത്തന്നു. കൂടാതെ ചെറിയ ക്യാപ്സൂൾ രൂപത്തിൽ ശരീരത്തിൽ പൊങ്ങിവരുന്ന അവസ്ഥയുണ്ടായിരുന്നു. ഉടമ്പടി ധ്യാനത്തിൽ ബഹു.ജോസഫച്ചൻ ക്യാപ്സൂൾ രൂപത്തിൽ ശരീരത്തിൽ പൊങ്ങിവരുന്ന അവസ്ഥകൾ ദൈവം തൊട്ട് സൗഖ്യമാക്കുന്നു അത് ക്യാൻസർ ആണോ എന്ന് ചിന്തിക്കുന്ന ഒരാളെ ദൈവം സൗഖ്യമാക്കുന്നു എന്നും സന്ദേശം പറഞ്ഞു. എനിക്ക് സൗഖ്യം ലഭിച്ചു.

**ജിബിൻ.സി.ജോസ്, ജിബിൻ കോട്ടേജ്, പഴക്കളം പി.ഒ., അടൂർ**

## ഉടമ്പടി നൊവേനയിലെ ദൈവാനുഭവങ്ങൾ ആവർത്തിക്കുന്നു.



എനിക്ക് 4 വർഷമായി ഗ്യാസ്ട്രൈറ്റിസിന്റെ ഭയങ്കര ബുദ്ധിമുട്ടുണ്ടായിരുന്നു. ഗ്യാസ് വരുമ്പോൾ നെഞ്ചുമുതൽ കൈകൾ വരെ ഭയങ്കര വേദന ആയിരുന്നു. ഇ.സി.ജി. വരെ എടുത്തുനോക്കി. വേദനയ്ക്ക് രണ്ടുദിവസം മെഡിസിൻ എടുത്താലേ മാറുകയുള്ളൂ. ഞാൻ ഓൺലൈനിൽ അമ്മ മാതാവിന്റെ 9 ദിവസത്തെ നൊവേനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണമായും അസുഖം മാറിക്കിട്ടി. കൂടാതെ സാക്ഷ്യം പറയാമെന്ന് നേർന്ന് ഉടമ്പടി നേർച്ചവസ്തുക്കൾ ഉപയോഗിച്ചതിന്റെ ഫലമായി മകന്റെ സംസാര തടസ്സം മാറി സ്ഫുടമായി സംസാരിക്കാൻ കഴിയുന്നു.

**സുമ ബിജോ, പ്ലാക്കൽ ഹൗസ്, സാംബലൂർ, തൃശൂർ**

## 35 വർഷമായ കോൺസ്റ്റിപ്പേഷന്റെ അസുഖവും വർഷങ്ങളായ മൈഗ്രെയ്ന്റെ അസുഖവും ഉടമ്പടിയിലൂടെ സുഖപ്പെട്ടപ്പോൾ



എനിക്ക് ചെറുപ്പം മുതൽ മൈഗ്രെയ്ൻ തലവേദന ഉണ്ടായിരുന്നു. വർഷങ്ങളായി പല ഹോസ്പിറ്റലുകളിലും ട്രീറ്റ്മെന്റ് നടത്തി. പക്ഷെ തലവേദന കുറഞ്ഞില്ല. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് സൗഖ്യം ലഭിച്ചു. കൂടാതെ 35 വർഷമായി കോൺസ്റ്റിപ്പേഷന്റെ അസുഖം മൂലം ഞാൻ ക്ലേശിക്കുകയായിരുന്നു. പല മരുന്നുകളും കഴിച്ചുവെങ്കിലും അസുഖം മാറിയില്ല. ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി എനിക്ക് പൂർണ്ണസൗഖ്യം ലഭിക്കുകയും മകന് എം.ബി.ബി.എസ്.കഴിഞ്ഞ് യു.കെ.യിൽ ഹയർ സ്റ്റഡീസിന് പോകാനും സാധിച്ചു.

**സാറാ ജേക്കബ്, പാച്ചംപറമ്പിൽ ഹൗസ്, കീഴില്ലം, പെരുമ്പാവൂർ**

## ഉടമ്പടിയിലൂടെ അമ്മ മാതാവ് പുതിയ വ്യക്തികളാക്കിയ ഒരു സാക്ഷ്യം



ഞാൻ 32 വർഷമായി മലയാള നാടകവേദിയിൽ പ്രവർത്തിക്കുന്നു. സാമ്പത്തികമായി ഞങ്ങൾ വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയിൽ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾക്ക് എംപ്ലോയ്മെന്റ് വഴി ഫുഡ് ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ ജോലി കിട്ടി. അതുകഴിഞ്ഞ് 2 മാസത്തിനുശേഷം ഖത്തർ എയർവേയ്സിന്റെ ഇന്റർവ്യൂ പാസായി അവിടെ ജോലി കിട്ടി. എനിക്കും കുഞ്ഞുങ്ങൾക്കും എന്ത് അസുഖം വന്നാലും കൃപാസനത്തിലെ നേർച്ചവസ്തുക്കളുടെ ഉപയോഗത്തിലൂടെ സൗഖ്യം ലഭിച്ചിട്ടുണ്ട്. ഞങ്ങളുടെ വിശ്വാസവും വർദ്ധിച്ചു.

**വിനോദിനി, പത്തുവള്ളിൽ വീട്, വെട്ടുവേനി, ഹരിപ്പാട്**

## 28 വർഷമായി ഇടതുകൈ പൊക്കാൻ സാധിക്കാത്ത അവസ്ഥ ഉടമ്പടിയിലൂടെ സുഖപ്പെട്ടപ്പോൾ



എനിക്ക് 28 വർഷമായി ഇടതുകൈ പൊക്കാൻ സാധിക്കില്ലായിരുന്നു. ഷുഗർ, പ്രഷർ, കൊളസ്ട്രോൾ, സോഡിയം കുറവ്, കിഡ്നിക്ക് കംപ്ലെയ്ന്റ് തുടങ്ങിയ അസുഖങ്ങൾ ഉണ്ടായിരുന്നു. ഒത്തിരി ചികിത്സകൾ ചെയ്തെങ്കിലും ഫലമില്ലായിരുന്നു. ഞാൻ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു ബഹു.ജോസഫച്ചനെ കണ്ടു. അച്ചൻ എന്റെ മുതുകിൽ തൊട്ട് എല്ലാം കുറഞ്ഞോളും എന്ന് പറഞ്ഞു. പിറ്റേമാസം ടെസ്റ്റ് ചെയ്തപ്പോൾ ക്രിയാറ്റിൻ കുറഞ്ഞു. എല്ലാം നോർമൽ ആയി. കൈ ഉയർത്താനും സാധിച്ചു.

**ഐസക്ക് എം.ഐ., മുട്ടത്തുചിറ, ഉദ്യോഗമണ്ഡൽ, മഞ്ഞുമ്മൽ, എറണാകുളം**

## ഉടമ്പടി: ഒന്നരവർഷമായ സ്പൈൻ പ്രോബ്ലം മാറിക്കിട്ടി.



എനിക്ക് ഒന്നരവർഷമായിട്ട് സ്പൈൻ പ്രോബ്ലം ആയിരുന്നു. ഒത്തിരി ട്രീറ്റുമെന്റുകൾ ചെയ്തിരുന്നു. ഞങ്ങളുടെ പള്ളിയിലെ പെരുന്നാളിന് എല്ലാവരും പ്രദക്ഷിണത്തിന് പോയപ്പോൾ എനിക്ക് അതിശക്തമായ വേദന മൂലം പോകാൻ സാധിച്ചില്ല. ഞാൻ മാതാവിനോട് നാട്ടിൽ വരുമ്പോൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തുകൊള്ളാം ഒരു പത്തുമിനിറ്റ് നിൽക്കുവാനും നടക്കാനുമുള്ള ശക്തി തരണമേയെന്ന് പ്രാർത്ഥിച്ചു. പിറ്റേദിവസം പള്ളിയിൽ വെച്ച് വർഷങ്ങളായി മുട്ടുകുത്താത്ത ഞാൻ അറിയാതെ മുട്ടുകൾ കുത്തി. മുട്ടുകുത്തി എഴുന്നേറ്റപ്പോൾ ബാക്ക് ബോണിൽ നിന്നും ഒരു ചെറിയ സൗണ്ട് കേട്ടു. അന്നുമുതൽ ഈ നിമിഷംവരെ എനിക്ക് വേദന ഉണ്ടായിട്ടില്ല.

**ഡെസി ബെന്നി, ഇ-001, ഗോകുൽ വിഹാർ-1, മുംബൈ**

## ഉടമ്പടി: 7 വർഷമായ ഇയർ ബാലൻസിന്റെ തകരാർ സുഖപ്പെട്ട സാക്ഷ്യം



എനിക്ക് 7 വർഷത്തിൽ അധികമായി ഇയർ ബാലൻസ് നഷ്ടപ്പെട്ട് ഇടയ്ക്കിടെ തലകറങ്ങി വീഴുമായിരുന്നു. ഞാൻ ഉടമ്പടി ധ്യാനത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണസൗഖ്യം ലഭിച്ചു. കൂടാതെ ഡെയ്റ്റ് ഇട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി ആ ഡെയ്റ്റിൽ തന്നെ വാഹനം വിൽക്കുവാൻ സാധിച്ചു.

**നീതു ജോയ്, പൂണൂലിൽ ഹൗസ്, കിടങ്ങൂർ പി.ഒ., അങ്കമാലി**

## ഉടമ്പടി: 31 വർഷത്തെ വാടക ദുരിതം അവസാനിച്ച സാക്ഷ്യം



31 വർഷമായി ഞങ്ങൾ വാടക വീട്ടിലായിരുന്നു താമസം. സ്വന്തമായി ഒരു വീട് ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്തു പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഞങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും 6 മാസം കൊണ്ട് വീടുപണി പൂർത്തിയാക്കുന്നതിനും സാധിച്ചു. കൂടാതെ സഹോദരങ്ങൾ തമ്മിലുള്ള ഐക്യം വർദ്ധിക്കുന്നതിനും ഒപ്പംതന്നെ മകന് പഠനമേഖലയിൽ പുരോഗതിയും സാമ്പത്തിക ഉയർച്ചയും നൽകി പരി.അമ്മ അനുഗ്രഹിച്ചു.

**വർഗീസ് തോമസ്, മരിയ വില്ല, 9th ക്രോസ്, ബാംഗ്ലൂർ**

## 8 സ്കൂളിൽ ഇന്റർവ്യൂ അറ്റൻഡ് ചെയ്തിട്ടും ജോലി ലഭിച്ചില്ല. ഉടമ്പടി എടുക്കാൻ തീരുമാനിച്ചപ്പോൾതന്നെ ജോലി ലഭിച്ച സാക്ഷ്യം



ഒരു താൽക്കാലിക അദ്ധ്യാപികയായി ജോലി ചെയ്തിരുന്ന എനിക്ക് 8 സ്കൂളിൽ ഇന്റർവ്യൂ അറ്റൻഡ് ചെയ്തിട്ടും ജോലി ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഉടമ്പടി എടുക്കാൻ തീരുമാനിച്ചപ്പോൾതന്നെ നല്ലൊരു ജോലി ലഭിച്ചു. കൂടാതെ ജീവിതപങ്കാളിയുടെ കാൽവിരലുകൾക്കിടയിലെ ആഴമേറിയ മുറിവ് ഉടമ്പടിതൈലം ഉപയോഗിച്ച് പ്രാർത്ഥിച്ചപ്പോൾ സുഖപ്പെട്ടു.

**താരാ ഷാജി, വയലമണ്ണിൽ, ചെമ്പന്തൊറ്റി, കണ്ണൂർ**

## ലൈറ്റ് എ ക്യാൻഡിൽ പ്രയർ: ഡൗൺസിൻഡ്രോം ആണെന്നു പറഞ്ഞകുഞ്ഞിനെ അമ്മ മാതാവ് സൗഖ്യമാക്കിയപ്പോൾ



ഞാൻ മൂന്നാമത് ഗർഭിണി ആയപ്പോൾ പതിമൂന്നാമത്തെ ആഴ്ച്ചയിൽ കുഞ്ഞിന് ഡൗൺ സിൻഡ്രോം ആണെന്നു പറഞ്ഞു. ലൈറ്റ് എ ക്യാൻഡിൽ പ്രയർ ഇട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി നോർമ്മൽ ആയ ഒരു കുഞ്ഞിനെ നൽകി പരി. അമ്മ അനുഗ്രഹിച്ചു. കൂടാതെ 7 വർഷമായി ശ്രമിച്ചിട്ടും ഭർത്താവിന് IELTSന് പി.ആർ.ന് ആവശ്യമായ സ്കോർ കിട്ടുന്നില്ലായിരുന്നു. ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി ഒരാഴ്ച്ചയ്ക്കുള്ളിൽ പി.ആർ.നൽകി അനുഗ്രഹിച്ചു. മകന്റെ 10 വർഷമായ ശ്വാസംമുട്ടൽ ഉടമ്പടിയിൽ നിയോഗം വെച്ചതിന്റെ ഫലമായി മാറിക്കിട്ടി.

**മായ ചാർലൂസ്, അച്ചാരുപറമ്പിൽ, കമ്മട്ടിപ്പാടം, ഗാന്ധിനഗർ, കൊച്ചി**

## ഉടമ്പടി: വെരിക്കോസ് വെയിൻ സുഖപ്പെട്ട സാക്ഷ്യം



വിദേശത്തായിരുന്ന എനിക്ക് വേരിക്കോസ് വെയിൻ മൂലം ചൊറിച്ചിലും വേദനയുമായിരുന്നു. അത് പഴുത്ത് വെള്ളവും ചലവും ഒഴുകുന്ന അവസ്ഥയായി. നാട്ടിൽ വന്ന് ഡോക്ടറെ കണ്ടപ്പോൾ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞ് ഓപ്പറേഷൻ നടത്തി. അടുത്ത കാലിലും ഇതുപോലെ വെരിക്കോസ് വെയിൻ വന്ന് ഡോക്ടറെ കണ്ടപ്പോൾ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. ഞങ്ങൾ കൃപാസനത്തിൽ വന്ന് ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ഓപ്പറേഷൻ കൂടാതെതന്നെ കാലിന്റെ വെരിക്കോസ് വെയിൻ മാറിക്കിട്ടി.

**മേരി ജോസി, ചെട്ടിപ്പറമ്പിൽ ഹൗസ്, നായരമ്പലം, എറണാകുളം**

## 3 വർഷമായി ജോലി ലഭിക്കുന്നില്ല. ഉടമ്പടി എടുത്തപ്പോൾ അമ്മ മാതാവ് ഇടപെട്ട സാക്ഷ്യം



എന്റെ മകന് 3 വർഷമായിട്ടും ഒരു ജോലി ലഭിക്കുന്നില്ലായിരുന്നു. ഇന്റർവ്യൂ പാസാകുമെങ്കിലും അവന്റെ ഹൃദയത്തിന് ചെറിയ വ്യത്യാസം ഉണ്ടായിരുന്നതിനാൽ മെഡിക്കൽ ചെക്കപ്പിൽ ഔട്ട് ആകുമായിരുന്നു. ഞാൻ പരി.അമ്മയോട് മകന് എയ്ജ് ഓവർ ആകുന്നതിന്റെ അവസാനത്തെ അവസരമാണ്. ഈ ഇന്റർവ്യൂവിന് അമ്മ കൂടെ പോരണം അമ്മയുടെ ഹൃദയം അവന് നൽകണം എന്നു പറഞ്ഞു പ്രാർത്ഥിച്ചതിന്റെ ഫലമായി മകൻ CISFൽ ജോലി ചെയ്യുന്നു.

**ഷാലു സെബാസ്റ്റ്യൻ, വെള്ളമറ്റത്തിൽ, നൂൽപ്പുഴ പി.ഒ., കല്ലുമുക്ക്**

## 15 വർഷമായി വാടക വീട്ടിലാണ് താമസം. ഉടമ്പടി എടുത്തപ്പോൾ അമ്മ മാതാവ് വീടും സ്ഥലവും നൽകി അനുഗ്രഹിച്ചു.



15 വർഷമായി ഞങ്ങൾ വാടക വീട്ടിൽ ആയിരുന്നു താമസം. ഒരു വർഷം മുമ്പ് യൂട്യൂബിൽ ബഹു.ജോസഫ് അച്ചന്റെ പ്രാർത്ഥന കേട്ടു. അമ്മയുടെ പ്രാർത്ഥനയാണ് എന്നു കണ്ടപ്പോൾ ഒരു ഭവനത്തിനുവേണ്ടി ഞാൻ കരഞ്ഞു പ്രാർത്ഥിച്ചു. 2021 ഡിസംബറിൽ വാടകവീട് ഒഴിഞ്ഞുകൊടുക്കണമെന്ന് പറഞ്ഞതിനാൽ നവംബറിൽ ഒരു വീടും സ്ഥലവും ലഭിക്കണമെന്ന് കരഞ്ഞുപ്രാർത്ഥിച്ചതിന്റെ ഫലമായി 9 സെന്റ് സ്ഥലവും വീടും ലഭിച്ചു.

**ഷാജി, കൊല്ലംപറമ്പിൽ, അയർക്കുന്നം പി.ഒ., കോട്ടയം**

RNI: KERMAL/2013/50525
Registered Newspaper Licenced to post
Reg No: ALP/8/2020 - 2022

✦ കൃപാസനം ✦

KREUPASANAM Vol: 10 Issue: 12 December 2022
Date of Publication 01. 12. 2022 Rs. 5/-

ആത്മീയ സാംസ്ക്കാരിക കേന്ദ്രം, കലവൂർ, ആലപ്പുഴ 688522 Phone: 9847481587
www.kreupasanammarianshrine.com, www.folkarts.in, www.chavittunadakam.com, www.vpachan.com, E-mail: kreupasanamklvr@gmail.com



# കൃപാസനം ലോകം മുഴുവനുമുള്ള അനുഗ്രഹത്തിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു.

റൈറ്റ്.റവ.ഡോ.ജെയിംസ് റാഫേൽ ആനാപറമ്പിൽ (ബിഷപ്പ്, ആലപ്പുഴ രൂപത )



ദൈവത്തിന്റെ പരിപാലനയെ നാം തൊട്ടനുഭവിക്കുന്ന ഒരു ആത്മീയ ശുശ്രൂഷയാണ് കൃപാസനത്തിലൂടെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലൂടെ കർത്താവ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. പരിശുദ്ധ അമ്മയിലൂടെയാണ് ദൈവം ലോകത്തിന് തന്റെ അനുഗ്രഹമായ ദിവ്യസുതനെ പ്രദാനം ചെയ്യുന്നുവെങ്കിൽ ആ അമ്മയിലൂടെ തന്നെ ഇപ്പോഴും സഭയിൽ ആ വരപ്രസാദം അവിടുന്ന് തുടരുന്നുവെന്നതിന് നമ്മൾ സാക്ഷികളാണ്. ഈയൊരു ശുശ്രൂഷയ്ക്ക് ദൈവത്തിന്റെ കരങ്ങളിൽ ഉപകരണമായി തീർന്ന ബഹുമാനപ്പെട്ട ജോസഫ് അച്ചനെ ഓർത്ത് ദൈവത്തിന് നന്ദി പറയാം. പരിശുദ്ധ കന്യാമറിയത്തിന് ദൈവത്തോട് എന്തെങ്കിലും ഒരു പ്രാർത്ഥന ഉണ്ടായിരുന്നുവെങ്കിൽ ഞാൻ വിചാരിക്കുകയായിരുന്നു ആ പ്രാർത്ഥന ഒരിക്കലും തന്റെ ഏകജാതന്റെ കുരിശുമരണം കാണാൻ ഇടയാകരുതേ എന്ന പ്രാർത്ഥനയായിരിക്കും. അപ്പോഴും ഈ കുരിശുമരത്തിലേയ്ക്ക് പ്രവേശിച്ച ഈശോയുടെ ഗത്സമനിലെ പ്രാർത്ഥന എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ എന്നുപറഞ്ഞ് സമർപ്പിച്ച പ്രാർത്ഥനയിൽ മറിയവും കുരിശിൽ പങ്കുചേർന്നു. തന്റെ ഏകജാതന്റെ ബലിയോടൊപ്പം തന്നെയും സമർപ്പിച്ചുകൊണ്ട് അവരിരുവരും ദൈവഹിതത്തിന് തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് ദൈവേഷ്ടത്തിന്റെ കാസയിൽനിന്ന് അറ്റംവരെ പാനം ചെയ്തു. അവിടെയാണ് മറിയം തന്റെ സുതനുമായിട്ട് ഏകശരീരമായി തീർന്നത്. തന്റെ ഉദരത്തിൽ വളരുകയും രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായി ലോകം ദൈവത്തിന് പ്രദാനം ചെയ്ത ഈ ഏകജാതനുമായിട്ട് അവൾ എപ്പോഴും ഐക്യപ്പെട്ടിരുന്നു. പക്ഷെ കുരിശിൽ ഒരിക്കൽ കൂടി അവിടുത്തെ രക്തത്തിന്റെ രക്തവും ശരീരത്തിന്റെ ശരീരവുമായിട്ട് മറിയം ഒന്നായി തീർന്നു. ഈ ഐക്യം പ്രാപിക്കലാണ് ലോകത്തിന് മുഴുവനുമുള്ള അനുഗ്രഹമായിട്ട് കുരിശിൽനിന്ന് ഈശോ നമുക്ക് ചൂണ്ടിക്കാണിച്ചുതന്നത് ഇത് നിന്റെ അമ്മയാണ്. മറിയം അമ്മയായിരിക്കുന്നത് യേശുവിനെ അവന്റെ പീഡാനുഭവരംഗങ്ങളിൽ മുഴുവനും ചേർന്നു നിന്നതുകൊണ്ടാണ്. ഇത് എന്റെ ശരീരമാകുന്നു എന്നു പറഞ്ഞതുപോലെതന്നെ കുരിശിൽനിന്ന് ഭരമേൽപ്പിക്കപ്പെട്ട രഹസ്യമാണ് യേശു തന്റെ ശരീരവും രക്തവുമായ മറിയത്തെ നമുക്ക് അമ്മയായി നൽകിയത്. അതു നുണഞ്ഞുകൊണ്ടാണ് ആദിമ കത്തോലിക്കാ സമൂഹം ക്രിസ്തുവിന്റെ മരണത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കിയത്. ഉത്ഥാനത്തിൽ വിശ്വസിക്കുവാനായിട്ട് അവർ പ്രാപ്തരായി തീർന്നത്. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായിട്ട് അവർ തങ്ങളെത്തന്നെ ഒരുക്കിയത്. പൂർവ്വ പിതാവായ അബ്രഹാത്തിന്റെ വിശ്വാസത്തിന്റെ തീർത്ഥാടനം അതായിരുന്നു. നിന്നിലൂടെ ഞാൻ ലോകം മുഴുവൻ അനുഗ്രഹിക്കും. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായിട്ട് കൃപാസനം ധ്യാനകേന്ദ്രത്തിലൂടെ കർത്താവ് അത് നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് കൃപാസനം കേരളത്തിന്റെയോ ആലപ്പുഴയുടെയോ ഈ കൊച്ചുഗ്രാമത്തിന്റെയോ ഒരു അനുഗ്രഹസ്ഥലം മാത്രമല്ല. ലോകം മുഴുവൻ അതിന്റെ അനുഗ്രഹത്തിന്റെ കേന്ദ്രമായിട്ട് മാറിക്കൊണ്ടിരിക്കുന്ന തീർത്ഥാടനസ്ഥലമാണെന്ന് നമുക്കറിയാമല്ലോ.

## അറിയിപ്പ്

കൃപാസനം ചൊവ്വാഴ്ച്ചകളിലെ ഏകദിന ഉടമ്പടി ധ്യാനം ഓൺലൈനിൽ പങ്കെടുത്ത് നിയോഗാർത്ഥം ഷെയർ ചെയ്യുക.

www.youtube.com/FrVPJosephKreupasanam

ഉടമ്പടി എടുക്കുന്നതിനും പുതുക്കുന്നതിനും എല്ലാ ദിവസവും രാവിലെ 6 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**കൃപാസനത്തിൽ അനുദിനം നടക്കുന്ന ശുശ്രൂഷകളെ സഹായിക്കുവാൻ താഴെ കാണുന്ന അക്കൗണ്ട് നമ്പർ പ്രയോജനപ്പെടുത്തുക**

**M/S KREUPASANAM**
**AC NO: 20850100021413**
**FEDERAL BANK , KALAVOOR BRANCH**
**IFSC: FDRL0002085, MICR: 688049006**







**പ്രാർത്ഥനാവശ്യങ്ങൾക്കും അന്വേഷണങ്ങൾക്കും പകൽ വിളിക്കേണ്ടനമ്പർ**
**9447285400, 8138045198**

കൃപാസനം ന്യൂസ് അപ്ഡേറ്റുകൾക്കായി ഞങ്ങളുടെ ടെലഗ്രാം ചാനൽ ഇപ്പോൾ തന്നെ സബ്സ്ക്രൈബ് ചെയ്യുക.
https://t.me/Fr.VPJosephKreupasanam
Telegram

